ക്നാനായ കത്തോലിക്കാ നവീകരണ സമിതിയുടെ ശില്പിയും
ധീരനായകനുമായിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട
**ഒ. എം. ഉതുപ്പുസാറിന്റെ** (ഒറവണക്കളം, ഇറഞ്ഞാൽ, കോട്ടയം)
വേർപാടിന്റെ ഒന്നാം ചരമവാർഷികത്തിന്
(22 – 9 – 2014)



# ഞങ്ങളുടെ സ്നേഹസ്മരണകളുടെ നിറപുഷ്പങ്ങളുമായി

# സ്മരണാഞ്ജലി

ക്നാനായ കത്തോലിക്കാ നവീകരണ സമിതിക്കുവേണ്ടി,

| പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
|---|---|
| **റ്റി. ഒ. ജോസഫ്** | **ലൂക്കോസ് മാത്യു കെ.** |
| കണ്ണങ്കര | ഉഴവൂർ |

KCNS

**ക**ത്തോലിക്കാസഭയെ സമഗ്രമായി മാറ്റിപ്പണിയാൻ തുനിയുന്ന, യേശുവിന്റേതാക്കാൻ കൊതിക്കുന്ന, ഒരു മൂന്നാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കാനുള്ള കരുത്തും ദീർഘവീക്ഷണവുമുള്ള ജനകോടികളുടെ പ്രിയങ്കരനായ, ലോകത്തിലെ സർവ്വ കത്തോലിക്കരുടെയും ഇടയനും അവിശ്വാസികൾക്കുപോലും പ്രിയങ്കരനുമായ ഫ്രാൻസീസ് പാപ്പായ്ക്ക് ക്നാനായ കത്തോലിക്കാ നവീകരണ സമിതിയുടെ പ്രാർത്ഥനാ മംഗളങ്ങൾ. “ഞാൻ വിശ്വസിക്കുന്നത് ദൈവത്തിലാണ്. കത്തോലിക്കാ ദൈവത്തിലല്ല.. അങ്ങനെ ഒരു കത്തോലിക്കാ ദൈവമില്ല. ഞാൻ യേശുവിലും അദ്ദേഹത്തിന്റെ അവതാരത്തിലും വിശ്വസിക്കുന്നുണ്ട്. യേശു എന്റെ ഗുരുവും ഇടയനുമാണ്.”

-ഫ്രാൻസീസ് പാപ്പാ

*ഫ്രാൻസീസ് പാപ്പാ ആവശ്യപ്പെടുന്നു:* സുവിശേഷാത്മകശൈലി സഭയുടെ എല്ലാ തലങ്ങളിലും ഉണ്ടാകണം. സുവിശേഷത്തിന്റ ചൈതന്യവുമായി നേരിട്ട് ബന്ധമില്ലാത്ത ആചാരാനുഷ്ഠാനങ്ങളെ അവയ്ക്ക് എത്ര ആഴമായ ചരിത്രപാരമ്പര്യമുണ്ടായിരുന്നാലും പുനഃപരിശോധിക്കാൻ സഭ തയ്യാറാകണം.



# സഹനദാസൻ ഉതുപ്പുസാറിന് സ്മരണാഞ്ജലി!

**കേ**രളക്കരയിൽ ഏറെ ചർച്ചാവിഷയമായ ബിജു ഉതുപ്പ് വിവാഹക്കുറികേസ്സ്, ധീരതയോടെ കൈകാര്യം ചെയ്തു വിജയിപ്പിച്ച ശ്രീ. ഉതുപ്പുസാറിനെ ഞങ്ങൾ ആദരിക്കുന്നു.

ക്നാനായ കത്തോലിക്കാ നവീകരണ സമിതിയുടെ സ്ഥാപക നേതാക്കളിൽ പ്രമുഖനും, കഴിഞ്ഞ ഒരു ദശാബ്ദക്കാലം സമിതി യുടെ പ്രസിഡന്റുമായിരുന്ന ഉതുപ്പുസാറിന്റെ വേർപാട്, സംഘട നയുടെ പ്രവർത്തകരെ ഒന്നടങ്കം ദുഃഖിപ്പിക്കുകയുണ്ടായി. എങ്കിലും കോട്ടയം രൂപതാധികാരികൾക്കും വിശ്വാസികളായ ക്നാനായ സമുദായ അംഗങ്ങൾക്കും യേശുവിൽ ശരിയായ ഒരു നവീകരണ ത്തിന്റെ ദിശാബോധം സൃഷ്ടിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നുള്ളത് ചാരിതാർത്ഥ്യം തന്നെയാണ്.

കാലഹരണപ്പെട്ടതും, പഴക്കം ചെന്നതുമായ രക്തശുദ്ധി പാരമ്പര്യത്തിന്റെ പേരിലും, തെറ്റായ വിശ്വാസങ്ങളുടെ പേരിലും, താൻ ജനിച്ചുവളർന്ന സമുദായത്തിൽനിന്നു തന്നെ മാമ്മോദീസാ മുങ്ങിയതും, വിവാഹം കഴിച്ചതുമായ ഇടവക ദേവാലയത്തിൽനിന്നു തന്നെയും തന്റെ കുടുംബത്തെയും പുറത്താക്കാനും മക്കളുടേയും, കൊച്ചുമക്കളുടേയും കൂദാശകൾ നിഷേധിക്കുവാനും, കോട്ടയം രൂപതാധികാരികൾ തുനിഞ്ഞപ്പോൾ ഉതുപ്പുസാർ ഏറെ വേദനിച്ചു. തികഞ്ഞ ദൈവഭക്തനും ഉത്തമസഭാവിശ്വാസിയും, നല്ല സമുദായ സ്നേഹിയും ആയിക്കഴിഞ്ഞിരുന്ന ഉതുപ്പുസാറിന് ഈ വേദനകൾ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. താൻ അർഹിക്കാത്ത ശിക്ഷക്കെതിരെ പരാതിയുമായി സഭാപരമായ എല്ലാ വാതിലുകളും മുട്ടിയിട്ടും നിസ്സം ഗത പാലിച്ചപ്പോൾ, അദ്ദേഹം സിവിൽ കോടതിയെ സമീപിക്കു കയുണ്ടായി. നീണ്ട നിയമപോരാട്ടങ്ങൾക്കിടയിൽ, ക്നാനായ തീവ്രവാദികളിൽനിന്ന്, അദ്ദേഹം അനുഭവിക്കേണ്ടിവന്ന പീഡനങ്ങ ളെയും, ആക്രമണങ്ങളെയും, വെല്ലുവിളികളെയും സഹനത്തിലൂടെ ദൈവത്തിൽ സമർപ്പിക്കുകയുണ്ടായി.

കോട്ടയം മുനി. കോടതിയും പിന്നീട് അപ്പീൽകോടതിയും വംശീയതയുടെ പേരിൽ കോട്ടയം രൂപതയിൽനിന്നും ക്നാനായ സമുദായത്തിൽനിന്നും പുറത്താക്കുന്ന നടപടികൾക്ക് എതിരെ വിധി പ്രഖ്യാപിക്കുകയുണ്ടായി.

കോട്ടയം രൂപതയുടെ അക്രൈസ്തവതക്കെതിരെ മനുഷ്യാവകാശലംഘനങ്ങൾക്ക് എതിരെ, ഊരുവിലക്കിനും വിഭാഗീയതയ്ക്കും വിദ്വേഷങ്ങൾക്കും സഭയുടെ, വിശിഷ്യാ ക്രിസ്തുവിന്റെ പഠനങ്ങൾക്കും വിരുദ്ധമായ നിലപാടിനെതിരെ പോരാടി സഭയിലും സമൂഹത്തിലും മാറ്റത്തിന്റെ നാന്ദി കുറിച്ച ഉതുപ്പു സാറിനെ എത്ര സ്മരിച്ചാലും മതിവരില്ല.

അദ്ദേഹം തുടങ്ങിവച്ച സംരംഭങ്ങൾ ക്നാനായ കത്തോലിക്കാ നവീകരണസമിതിലൂടെയും, ക്നാനായ അസ്സോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയിലൂടെയും പൂർത്തീകരിക്കാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. അതുവഴി കോട്ടയം രൂപതയുടെ കപടരക്തശുദ്ധി പാരമ്പര്യവാദം അവസാനിപ്പിച്ച് ക്രിസ്തുവിൽ ഐക്യപ്പെടുവാൻ ഇടയാകട്ടെ. സഭയും സമുദായവും വ്യത്യസ്തമാണ് എന്ന അവബോധം കോട്ടയം രൂപതാ നേതൃത്വത്തിനും ക്നാനായ സമുദായ അംഗങ്ങൾക്കും ഉണ്ടാകട്ടെ എന്നും ആശംസിക്കുന്നു.

നിറഞ്ഞ സ്നേഹവായ്പോടെ ഉതുപ്പുസാറിന്റെ പാവന സ്മരണയ്ക്കുമുന്നിൽ, ക്നാനായ കത്തോലിക്കാ നവീകരണസമിതി പ്രണാമം അർപ്പിക്കുന്നു.

K.C.N.S. നു വേണ്ടി
**ലൂക്കോസ് മാത്യു കെ.**
ജനറൽ സെക്രട്ടറി

## ക്നാനായ മക്കൾ പ്രതികരണശേഷിയുള്ളവരാകുക!

**കോ**ട്ടയം രൂപതയുടെ വികലമായ നിലപാടിന് എതിരെ, സീറോമലബാർസഭയുടെ മേജർ ആർച്ചു ബിഷപ്പ് ജോർജ്ജ് ആലഞ്ചേരിയും ഫരീദാബാദ്-ദില്ലി രൂപത ആർച്ചു ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങരയും ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തും നടത്തിയ നിഗമനങ്ങളും നിർദ്ദേശങ്ങളും പഠനവിഷയമാക്കാൻ, ഏവരോടും അഭ്യർത്ഥിക്കുന്നു.

മേൽ പ്രസ്താവനകൾ ഉതുപ്പുസാറിന് കാണാൻ കഴിഞ്ഞില്ലെങ്കിലും അദ്ദേഹം തുടങ്ങിവച്ച പ്രവർത്തനത്തിന്റെ ഭാഗമായി

വിശ്വാസികൾ ഏറ്റെടുത്തിട്ടുള്ള പോരാട്ടത്തിന്റെ വിജയമായി അനുസ്മരിക്കുന്നു.

K.C.N.S.ന് വേണ്ടി,
ജനറൽ സെക്രട്ടറി

**DIOCESE OF FARIDABAD**
**Syro-Malabar Catholic Church**

21 April 2014

**Dear Rev. Fr. Jacob**
and the Knanaya Community in Faridabad - Delhi

With the present I would like to formally acknowledge receipt of your Memorandum dated 28 January 2014, submitted to my Vicar General Very Rev. Msgr. Sebastian Vadakkumpadan. The subject matter was to have separate Knanaya parishes within the diocese of Faridabad - Delhi.

Ever since I took charge as the first Bishop of this new diocese, I have been cordially receiving you and keenly attending your queries with utmost pastroal solicitude. Let me reiterate that has been explained to you in this regard.

Since the creation of the diocese of Faridabad, the Catholic Church in this capital city is all the more called for maintaining the unity - unity with other *sui iuris* Churches and unity within the Syro-Malabar Church (SMC). It is with this objective in mind, that the recent Joint - Pastoral Letter was signed so that those SM faithful with the Latin parishes may be brought under the fold of Faridabad diocese. You may recall that when I took charge, there were centers in Delhi organized by different dioceses and having pastoral services for particular groups. For the sake of unity and communion in the diocese,

I have managed to stop all that. Those faithful frequenting such centers are now part of the parishes of our diocese. In the case of the Knanaya community, I had permitted to continue the practice of having a "special mass" once a month in Dilsadgarden.

The current position of the universal Church (Holy See) and of the Syro-Malabar Church and consequently of the diocese of Faridabad is that the Knanaya Catholics, with their two Bishops are integral part of the SMC. These two bishops form part of the SMC Hierarchy and Synod Archbishop Moolakkat is also member of the Permanent Synod and of many Synodal Commissions.

It has been stated during the recent CBCI by the SM leadership that the Knanya community is within the SMC and about them an "inclusive approach" has to be adopted. In otherwords, at the level of the CBCI, nowhere in India separate parishes will be allowed outside (exclusively) the SMC parish for the Knanaya community, that's against the inclusive policy. At this CBCI meeting both bishops from the Archdiocese of Kottayam were present. And they also abide by the position of the Universal Church, SMC Synod and CBCI.

Outside India, you know well what's happening wherever such "exclusive" and endogamous parishes were created - eg. Diocese of Chicago. They are now instructed by the Holy See not to promote endogamous parishes within the Catholic Church - and within the SMC. Recently, in Melbourne during the installation of its first bishop, it was publically stated that regarding the Knanya Catholic faithful the SMC leadership has adopted an "inclusive policy."

In Kalyan, a diocese that exists since 25 years, and where a good number of Knanites live, no such parish has been created since 25 years. All the Knanaya faithful settled there benefit the pastoral care of the diocese of Kalyan and at the same time continue their social and cultural activities within the community.

This inclusive policy, as I understand, is not against having occasional. Masses exclusively for the Knanaya community. Just like

in the SMC and its dioceses, such separate Masses are conducted for Family units anniversary, youth day celebration, etc. In our context, there is a priest with additional charge of the Knanya community and occasional masses are celebrated for them. In fact, there is nothing called "Knanaya Mass and sacraments". We all follow the same liturgy. We have the same faith. We are under the same Major Archbishop.

I would earnesly exhort you that you should bring up your children with the conviction that the Holy Mass and Sacraments celebrated by a Knanaya priest and a non-Knanaya Catholic Priest is the same. Otherwise, when they grow up and are in a particular situation were non Knanaya priest's service is available, especially in a migrant background, they will not go for Mass and Sacraments. Is that what you want? Please for the sake of at least your own children, try to understand this. By attending, a SM Mass celebrated by a non-Knanaya priest, they are not losing their Knanaya identity; receiving sacraments and first communion from a non-Knanaya parish, a Knanaya is not losing anything. Please do not brain-wash your children and community and inculcate a feeling of "untouchability" and antipathy with the SMC. You are within the Church, not outside. You are part of the SMC.

About occasional Holy Mass for the Knanaya community on a Saturday, you may please recall that I have allowed once a month such a Mass to the Knanaya community. In addition, when there is a particular celebration, you get permission for special Masses. Before the diocese was created, other than the monthly Mass, not even one special Mass was permitted to you and you know very well that even zonal meetings of the Koodarayogam were not held since three years. I permit you additional masses for special occasions; even for Koodarayogam zonal meetings, I had allowed you a Mass. You should not underestimate the fact that wehn only one monthly Mass was allowed, the community was satisifed with that and it grew up keeping up the unity and identity; that time communion service were held in the local SM parishes; chuch support fund was regularly contributed, etc. You were all happy with

the arrangements made by that time Latin authorities. I wonder then why now you are changing the position and demanding for exclusive parishes and do not co-operate with first communion in the SM parishes, church suppot fund to the SM parishes, etc.

As the bishop of Faridabad I assure you that while acknowledging your Knanaya identity and traditions, I consider all the Knanaya faithful as integral part of our diocese and parishes; we abide by the "inclusive policy" towards the Knanites held by the Universal Church and the Syro-Malabar Church as well as the CBCI. With sincere pastoral solicitude, I am concerned with the unity of our Church and with the sacramental life and faith formation of the Knanaya community, in particular that of the youth and children. Please try to cooperate with the policy of the Catholic Church and try to evaluate what has happened the places where "exclusive" initiatives were launched. Instead of spending your time and energy for something that is against the policy of the Church, please utilize them for the good of your own community and your children.

Wishing you the Risen Lord's abundant blessings,

**Archbishop Kuriakose Bharanikulangara**
Diocese of Faridabad - Delhi

## ക്നാനായവംശജർക്കായുള്ള ഇടവകകൾ ആർച്ചു ബിഷപ്പ് ഭരണികുളങ്ങരയുടെ കത്ത്

**ദി**ല്ലിയിലുള്ള ഫരീദാബാദ് രൂപതയുടെ ആർച്ചു ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങരയുടെ ഒരു കത്താണ് താഴെ കൊടുത്തിരിക്കുന്നത്. ദില്ലിയിലുള്ള ഒരിടവകയിൽ വികാരിയായി ജോലിചെയ്യുന്ന, കോട്ടയം രൂപതയിൽനിന്നുള്ള ഫാ. ജേക്കബ് തടത്തിൽ ദില്ലിയിലെ ക്നാനായ സമുദായത്തിനുമാത്രമായി ഇടവകകൾ അനുവദിക്കണമെന്ന് അപേക്ഷിച്ചതിന് നല്കിയ മറുപടിയാണിത്.

ദില്ലിയിലെന്നല്ല, കല്യാൺ, അമേരിക്ക, ആസ്ട്രേലിയാ എന്നിവിടങ്ങൾ ഉൾപ്പെടെ എവിടെയും വംശീയസ്വഭാവമുള്ള (endogamous) പുതിയ ഇടവകകൾ രൂപീകരിക്കുന്നതു സംബന്ധിച്ച പ്രശ്നം കോട്ടയം രൂപതയിലെ രണ്ടു മെത്രാന്മാരുടെ സാന്നിധ്യത്തിൽ കാത്തലിക്ക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യാ (CBCI) ചർച്ചചെയ്യുകയും രമ്യമായി പരിഹരിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഈ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ക്നാനായസമുദായം സീറോമലബാർ സഭ (SMC)യുടെ ഭാഗമായതിനാൽ അവരുടെ ആത്മീയവും കൗദാശികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരിടത്തും പ്രത്യേക ഇടവകകൾ രൂപീകരിക്കേണ്ടതില്ല എന്നതാണ് ആ ഒത്തുതീർപ്പ്. ഇത് സാർവത്രികസഭയുടെയും CBCIയുടെയും SMC സിനഡിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമാണ്. അമേരിക്കയിലും ആസ്ട്രേലിയയിലുമുള്ള SMC രൂപതകളിൽ ഇനിയും ക്നാനായ വംശീയ ഇടവകകൾ രൂപീകരിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുംബെയിൽ, കല്യാണിൽ ഇരുപത്തഞ്ചു വർഷത്തിനിടയ്ക്ക് ഇങ്ങനെ സംഭവിച്ചിട്ടേയില്ല. ഇനിമുതൽ, അത്യപൂർവമായ സാഹചര്യങ്ങളിലൊഴികെ, ലോകത്തെവിടെയുമുള്ള ക്നാനായസമുദായാംഗങ്ങളും SMCയുടെ അജപാലനത്തിൻകീഴിലായിരിക്കും. 2013 ആഗസ്റ്റ് മൂന്നിന് ചിക്കാഗോയിൽ നടന്ന സെമിനാറിൽ കോട്ടയം രൂപതയിലെ ശുദ്ധരക്തവാദത്തിന് അനുകൂലമായും പ്രതികൂലമായും നില്ക്കുന്നവർ തമ്മിലുണ്ടായ സംഘർഷം ഈ രമ്യമായ ഒത്തുതീർപ്പോടെ ഇല്ലാതാകുമെന്നു പ്രതീക്ഷിക്കാം. ഇനിയും ക്നാനായ കുർബാനയെന്നും കൂദാശകളെന്നും വിളിക്കപ്പെടുന്ന യാതൊന്നും ഇല്ല.

ബഹുജനങ്ങളുടെ, വിശിഷ്യാ കോട്ടയം രൂപതാംഗങ്ങളുടെ അറിവിലേക്കായാണ് ഈ കത്ത് പ്രസിദ്ധീകരിക്കുന്നത്.

## ഫരീദാബാദ് രൂപത
## സീറോ-മലബാർ കത്തോലിക്കാ സഭ

2014 ഏപ്രിൽ 21

പ്രിയ റവ. ഫാ. ജേക്കബ്ബിനും
ഫരീദാബാദ്-ദില്ലിയിലുള്ള ക്നാനായ സമുദായത്തിനും,

2014 ജനുവരി 28ന് എന്റെ വികാരി ജനറാൾ വെരി റവ. മോൺ. സെബാസ്റ്റ്യൻ വടക്കുംപാടനു സമർപ്പിച്ച നിവേദനം കൈപ്പറ്റിയതായി ഔപചാരികമായി അറിയിക്കുന്നു. അതിലെ വിഷയം ഫ

രീദാബാദ്-ദില്ലി രൂപതയ്ക്കുള്ളിൽ പ്രത്യേക ക്നാനായ ഇടവക കൾ എന്നതായിരുന്നല്ലോ.

ഈ പുതിയ രൂപതയുടെ ആദ്യ മെത്രാനായി ഞാൻ ചാർജെ ടുത്തപ്പോൾ മുതൽ താങ്കളെ ഹൃദ്യമായി സ്വീകരിക്കുകയും ഒരജ പാലകനുള്ള സഹഭാവത്തോടെ താങ്കളുടെ ചോദ്യങ്ങൾ ശ്രദ്ധിക്കുകയും മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. അന്നെല്ലാം ഞാൻ നല്കിയിട്ടുള്ള മറുപടിതന്നെയാണ് എനിക്കിപ്പോഴും ആ വർത്തിക്കാനുള്ളത്.

ഫരീദാബാദ് രൂപത ജന്മംകൊണ്ടതുമുതൽ തലസ്ഥാനനഗ രത്തിലെ കത്തോലിക്കാസഭ ഇതര സഭാവിഭാഗങ്ങളുമായും സീ റോമലബാർസഭയ്ക്കുള്ളിലും ഉള്ള ഐക്യദാർഢ്യം നിലനിർത്തു ന്നതിന് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഈ ഉദ്ദേശ്യം മനസ്സിൽവച്ചു കൊണ്ടാണ് ലാറ്റിൻ ഇടവകകളിലുള്ള സീറോ-മലബാർ വിശ്വാ സികൾക്കും ഫരീദാബാദ് രൂപതയുടെ കീഴിൽ വരാമെന്ന സംയു ക്ത ഇടയലേഖനത്തിൽ ഒപ്പിട്ടത്. ഞാൻ ചാർജെടുക്കുമ്പോൾ ഡൽ ഹിയിൽ വ്യത്യസ്ത രൂപതകൾ പ്രത്യേകം കേന്ദ്രങ്ങൾ ഉണ്ടാക്കി അവയുടെ പ്രത്യേകഗ്രൂപ്പുകൾക്കായി അജപാലനശുശ്രൂഷകൾ ചെ യ്തിരുന്നത് താങ്കൾക്ക് ഓർമ്മയുണ്ടാവും. ഈ രൂപതയുടെ വി ശ്വാസാചാരങ്ങളിൽ ഐകരൂപ്യം ഉണ്ടാക്കുന്നതിനായി ഞാൻ അ വയെല്ലാം നിർത്തലാക്കി. അങ്ങനെ പ്രത്യേകകേന്ദ്രങ്ങളിൽ ഒത്തു കൂടിയിരുന്ന വിശ്വാസികളെല്ലാം ഇപ്പോൾ നമ്മുടെ രൂപതയിലെ ഇടവകകളിൽ അംഗങ്ങളാണ്. ക്നാനായ സമുദായത്തെ സംബ ന്ധിച്ചിടത്തോളം ഓരോ മാസവും ഒരുദിവസം ദിൽസദ്ഗാർഡ നിൽ പ്രത്യേക കുർബാന അർപ്പിക്കുന്നതു തുടരുന്നതിന് അനു വദിച്ചിരുന്നു.

സാർവത്രികസഭയുടെയും സീറോ-മലബാർസഭയുടെയും ഇ പ്പോഴത്തെ നിലപാടനുസരിച്ച് ക്നാനായകത്തോലിക്കരും അവ രുടെ രണ്ടു മെത്രാന്മാരും സീറോമലബാർസഭയുടെ അവിഭാജ്യ ഘടകമാണ്. ഈ രണ്ടു മെത്രാന്മാരും സീറോ-മലബാർസഭാ ഹൈ രാർക്കിയിലും സിനഡിലും അംഗങ്ങളാണ്. ആർച്ച്ബിഷപ്പ് മൂല ക്കാട്ട് പെർമെനന്റ് സിനഡിലും പല സിനഡൽ കമ്മീഷനുകളിലും അംഗമാണ്.

ക്നാനായസമുദായം സീറോമലബാർ സഭയ്ക്കുള്ളിലാ ണെന്നും അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമീപനം (inclusive policy) സ്വീകരിക്കേണ്ടതാണെന്നും ഈയിടെ നടന്ന

CBCIയിൽ സീറോ-മലബാർ നേതൃത്വം വ്യക്തമാക്കുകയുണ്ടായി. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഇന്ത്യയിലെവിടെയാണെങ്കിലും സീറോ-മലബാർസഭാ ഇടവകകൾക്കു പുറത്ത് ക്നാനായ സമുദായത്തിന് പ്രത്യേക ഇടവകകൾ അനുവദിക്കുന്നത്, CBCIയുടെ തലത്തിൽ, ഈ പോളിസിക്കു വിരുദ്ധമായിരിക്കും. ഈ CBCI സമ്മേളനത്തിൽ കോട്ടയം അതിരൂപതയിൽനിന്നുള്ള രണ്ടു മെത്രാന്മാരും സന്നിഹിതരായിരുന്നു. സാർവത്രികസഭയും സീറോമലബാർ സഭാസിനഡും CBCIയും സ്വീകരിച്ചിട്ടുള്ള നിലപാട് അവരും അംഗീകരിച്ചിട്ടുണ്ട്.

ഇന്ത്യക്കുപുറത്ത്, ഉദാഹരണത്തിന് ചിക്കാഗോയിൽ രൂപതയ്ക്കുള്ളിൽ വംശീയസ്വഭാവമുള്ള പ്രത്യേകം ഇടവകകൾ ഉണ്ടാക്കിയതിനെത്തുടർന്ന് സംഭവിച്ചതെന്തെന്ന് നിങ്ങൾക്കും അറിയാം. അതിനെത്തുടർന്ന് കത്തോലിക്കാസഭയിലൊരിടത്തും - സീറോ-മലബാർ സഭയിലും - വംശീയസ്വഭാവമുള്ള പ്രത്യേക ഇടവകകൾ അനുവദിക്കരുതെന്നാണ് പരിശുദ്ധസിംഹാസനം നിർദ്ദേശിച്ചിട്ടുള്ളത്. ഈയിടെ മെൽബോണിലെ ആദ്യബിഷപ്പിന്റെ സ്ഥാനാരോഹണ വേളയിൽ അവിടത്തെ ക്നാനായ കത്തോലിക്കാ വിശ്വാസികളോട് സീറോ-മലബാർ നേതൃത്വം ഇൻക്ലൂസീവ് പോളിസി ആയിരിക്കും സ്വീകരിക്കുകയെന്ന് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്.

25 വർഷമായി നിലവിലുള്ള, വളരെയേറെ ക്നാനായർ വസിക്കുന്ന, കല്യാൺ രൂപതയിൽ അവർക്കായി ഇതുവരെ പ്രത്യേക ഇടവകകളൊന്നും രൂപീകരിച്ചിട്ടില്ല. കല്യാൺ രൂപതയുടെ അജപാലനസേവനങ്ങളെല്ലാം നിരുപാധികം സ്വീകരിച്ചുകൊണ്ട് അവിടെ വസിക്കുന്ന അവർ അതേസമയം സ്വന്തം സാമുദായികവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾ തുടരുന്നുമുണ്ട്.

ഞാൻ മനസ്സിലാക്കുന്നിടത്തോളം ഈ 'ഇൻക്ലൂസീവ് പോളിസി' പ്രത്യേകഅവസരങ്ങളിൽ ക്നാനായസമുദായാംഗങ്ങൾക്കു മാത്രമായി കുർബാനകൾ അർപ്പിക്കുന്നതിന് തടസ്സം നില്ക്കുന്ന വിധത്തിലുള്ള ഒന്നല്ല. കുടുംബയൂണിറ്റുകളുടെ വാർഷികത്തിലും യുവജനദിനാഘോഷത്തിലും മറ്റും, സീറോ മലബാർ സഭയിലും അതിലെ രൂപതകളിലും, ഇങ്ങനെ പ്രത്യേക കുർബാനകൾ അർപ്പിക്കാറുള്ളതാണ്. ക്നാനായസമുദായസംഗമങ്ങളിൽ നടത്തപ്പെടുന്ന കുർബാനയിൽ സമുദായാംഗമായ ഒരു പുരോഹിതന് പ്രത്യേക ചുമതല നല്കാവുന്നതാണ്. യഥാർഥത്തിൽ ക്നാനായ കുർബാനയും കൂദാശകളും എന്നു വിളിക്കപ്പെടാവുന്ന യാതൊന്നുമില്ല. നാമെല്ലാം പിന്തുടരുന്നത് ഒരേ ആരാധനക്രമമാണ്. നമു

ക്ക് ഒരേ വിശ്വാസമാണുള്ളത്. നാമെല്ലാം ഒരേ മേജർ ആർച്ച് ബിഷപ്പിന്റെ കീഴിലുള്ളവരാണ്.

ക്നാനായപുരോഹിതനും ക്നാനായനല്ലാത്ത പുരോഹിതനും അർപ്പിക്കുന്ന വിശുദ്ധ കുർബാനയും കൂദാശാകർമ്മങ്ങളും ഒന്നുതന്നെയാണെന്ന് നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് ബോധ്യമുണ്ടാകുംവിധം അവരെ വളർത്തണം എന്നാണ് ആത്മാർഥമായി എനിക്ക് നിങ്ങളോട് ഉദ്ബോധിപ്പിക്കാനുള്ളത്. ഇങ്ങനെ ചെയ്യാതിരുന്നാൽ, അവർ വളർന്നുവരുമ്പോൾ ക്നാനായ പുരോഹിതനില്ലാത്ത ഒരു സ്ഥലത്തേക്ക് കുടിയേറേണ്ടിവന്നാൽ, അവർ കുർബാനയും കൂദാശകളും ഉപേക്ഷിക്കാനിടയുണ്ട്. ഇതു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളുടെ മക്കൾക്കുവേണ്ടിയെങ്കിലും ഇക്കാര്യം മനസ്സിലാക്കാൻ ശ്രമിക്കൂ. ക്നാനായനല്ലാത്ത ഒരു പുരോഹിതനർപ്പിക്കുന്ന കുർബാനയിൽ പങ്കെടുക്കുന്നതിലൂടെ ക്നാനായത്തനിമ അവർക്ക് നഷ്ടപ്പെടുകയൊന്നുമില്ല. ആദ്യകുർബാനയും കൂദാശകളും ക്നാനായമല്ലാത്ത ഒരിടവകയിൽനിന്ന് സ്വീകരിക്കുന്നതുകൊണ്ട് ക്നാനായന് യാതൊന്നും നഷ്ടപ്പെടുന്നില്ല. ദയവായി സീറോ-മലബാർസഭയോട് അസ്പൃശ്യതയും വിദ്വേഷവും ഉളവാകുംവിധം നിങ്ങളുടെ കുട്ടികളെയും സമുദായത്തെയും 'ബ്രെയിൻവാഷ്' ചെയ്യരുത്. നിങ്ങൾ സഭയ്ക്കുള്ളിലുള്ളവരാണ്, പുറത്തുള്ളവരല്ല. നിങ്ങളും സീറോമലബാർസഭയുടെ ഭാഗമാണ്.

ക്നാനായസമുദായത്തിനു ശനിയാഴ്ചകളിൽ സ്വന്തം കുർബാന അർപ്പിക്കാൻ അനുവദിക്കണമെന്ന അപേക്ഷയെപ്പറ്റി പറയുമ്പോൾ, വല്ലപ്പോഴും കുർബാന അർപ്പിക്കാമെന്നതിന് മാസത്തിൽ ഒരിക്കൽ എന്ന് നേരത്തതന്നെ വ്യക്തമാക്കിയിരുന്നു എന്ന് ഓർമ്മിക്കുക. മാസത്തിൽ ഒരു ശനിയാഴ്ച അതാവാം. മറ്റേതെങ്കിലും ദിവസം, പ്രത്യേക ആഘോഷമെന്തെങ്കിലും ഉണ്ടെങ്കിൽ അതിന്, പ്രത്യേക അനുവാദവും നല്കാം. ഈ രൂപത രൂപീകരിക്കുംമുമ്പ് പ്രതിമാസം ഒരു കുർബാനയല്ലാതെ ഒരു പ്രത്യേക കുർബാന പോലും നിങ്ങൾക്ക് അനുവദിച്ചിരുന്നില്ല എന്നോർമ്മിക്കുക. കൂടാരയോഗത്തിന്റെ സോണൽമീറ്റിങ്ങുകൾക്കുപോലും മൂന്നുവർഷം മുമ്പ് പ്രത്യേക കുർബാനഅർപ്പിക്കാൻ അനുവദിച്ചിരുന്നില്ല. പ്രത്യേക സന്ദർഭങ്ങളിലെല്ലാം, കൂടാരയോഗം സോണൽമീറ്റിങ്ങുകൾക്കുപോലും, പ്രത്യേക കുർബാന ചൊല്ലാൻ ഞാൻ നിങ്ങളെ അനുവദിച്ചിട്ടുണ്ട്. മാസത്തിൽ ഒരേയൊരു പ്രത്യേക കുർബാന മാത്രം അനുവദിച്ചിരുന്നപ്പോഴും സമുദായം അതിൽ സംതൃപ്തമായിരുന്നു എന്നും സമുദായത്തിന്റെ ഐക്യവും തനിമയും കാത്തുസൂക്ഷിച്ചിരുന്നു എന്നും ഉള്ള യാഥാർഥ്യം നിങ്ങൾ ഇകഴ്

ത്തിക്കാണരുത്. അന്ന് പ്രാദേശിക സീറോ-മലബാർ ഇടവകക ളിൽ ആയിരുന്നു കമ്യൂണിറ്റി സർവീസുകൾ നടന്നിരുന്നത്. പതി വായി ചർച്ച് സപ്പോർട്ട് ഫണ്ട് സമാഹരിക്കപ്പെട്ടിരുന്നു. ലാറ്റിൻ സഭാധികൃതർ ചെയ്ത ഈവിധ സംവിധാനങ്ങളിൽ നിങ്ങളെല്ലാ വരും സംതൃപ്തരായിരുന്നു. ഇപ്പോൾ നിങ്ങൾ നിലപാടു മാറാനും പ്രത്യേക ഇടവകകൾ എന്ന ആവശ്യം ഉന്നയിക്കാനും സീറോ-മ ലബാർ പള്ളികളിലെ ആദ്യകുർബാനസ്വീകരണച്ചടങ്ങുകളിൽനി ന്നും സീറോ-മലബാർ ഇടവകകളിലെ ചർച്ച് സപ്പോർട്ട് ഫണ്ട് സമാഹരണത്തിൽനിന്നും മറ്റും വിട്ടുനില്ക്കാനും ഉള്ള കാരണ മെന്തെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ഫരീദാബാദിലെ മെത്രാൻ എന്ന നിലയിൽ ഞാൻ നിങ്ങളു ടെ ക്നാനായത്തനിമയും പാരമ്പര്യങ്ങളും അംഗീകരിക്കുന്നതോ ടൊപ്പം ക്നാനായ വിശ്വാസികൾ ഏവരും ഈ രൂപതയുടെയും ഇടവകകളുടെയും അവിഭാജ്യഘടകങ്ങളാണെന്ന് ഉറപ്പുതരുകയും ചെയ്യുന്നു. സാർവത്രികസഭയും CBCIയും സീറോ മലബാർസഭയും അനുശാസിക്കുന്ന ക്നാനായരോടുള്ള 'ഇൻക്ലൂസിവ് പോളിസി' ഈ രൂപത അംഗീകരിക്കുന്നു. നമ്മുടെ സഭയുടെ ഐക്യത്തിനും ക്നാനായ സമുദായത്തിന്റെ, വിശിഷ്യാ യുവാക്കളുടെയും കുട്ടി കളുടെയും, കൗദാശികജീവിതവും വിശ്വാസപരിശീലനവും സുഗമ മാക്കുന്നതിനും അജപാലകസഹജമായ ആത്മാർഥതയോടെയും സഹഭാവത്തോടെയും ഞാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ക ത്തോലിക്കാസഭയുടെ പോളിസിയോടു ദയവായി സഹകരിക്കു ക. പ്രത്യേക ഇടവകകൾ ഉണ്ടാക്കാൻ ശ്രമിച്ചിടത്ത് സംഭവിച്ചതെ ന്തൊക്കെയെന്ന് തുറന്ന മനസ്സോടെ വിലയിരുത്തുക. സഭയുടെ പോളിസിക്കു വിരുദ്ധമായ കാര്യങ്ങൾക്കു വേണ്ടി നിങ്ങളുടെ സ മയവും ഊർജവും പാഴാക്കിക്കളയാതിരിക്കുക. ദയവായി നിങ്ങ ളുടെ സമുദായത്തിന്റെയും സ്വന്തം കുഞ്ഞുങ്ങളുടെയും നന്മയ് ക്കായി അവ വിനിയോഗിക്കുക.

ഉത്ഥിതനായ കർത്താവിന്റെ സമൃദ്ധമായ അനുഗ്രഹ ങ്ങൾ ആശംസിച്ചുകൊണ്ട്,

**ആർച്ച് ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര**
**ഫരീദാബാദ്-ദില്ലി രൂപത**

(തർജ്ജമ സ്വന്തം)

## ആർച്ചുബിഷപ്പ് ഭരണികുളങ്ങരയ്ക്ക് ശ്രീ. ജോർജ്ജ് ജെ. പൂഴിക്കാലായുടെ കത്ത്

(ആർച്ച് ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര ഫരീദാബാദ്-ദില്ലി രൂപതയിലെ ഫാ. ജേക്കബിനും ക്നാനായ സമുദായത്തിനുമായി എഴുതിയ കത്തിനോടു പ്രതികരിച്ചുകൊണ്ട്, ഒരു യഥാർത്ഥ ക്നാനായക്കാരനായ ശ്രീ. ജോർജ് പൂഴിക്കാല അയച്ച കത്താണ് താഴെ കൊടുക്കുന്നത്.)

വന്ദ്യനായ ഭരണികുളങ്ങരയ്ക്ക് അഭിനന്ദനങ്ങൾ!

'വന്ദ്യൻ' എന്നു വിളിക്കപ്പെടാനുള്ള അർഹത അങ്ങേയ്ക്കുണ്ട് എന്ന് അങ്ങ് തെളിയിച്ചിരിക്കുന്നു. അങ്ങേ യേശുക്രിസ്തു നേരിട്ടിരുന്ന ധർമ്മസങ്കടം ഉൾക്കൊണ്ടനുഭവിക്കുകയും അദ്ദേഹത്തെപ്പോലെ ദൃഢമായ നിലപാടെടുക്കുകയും ചെയ്തിരിക്കുന്നു. അങ്ങ് അദ്ദേഹത്തെപ്പോലെ ആത്മാർത്ഥതയോടെ പ്രവർത്തിച്ചിരിക്കുന്നു. വെള്ളയടിച്ച കുഴിമാടങ്ങളെ തിരിച്ചറിഞ്ഞിരിക്കുന്നു. യേശുവിന്റെ സുവിശേഷം പോലെ മതമൗലികവാദത്തിൽനിന്ന് വിമോചനമേകുന്നതാണ് അങ്ങയുടെ സന്ദേശവും. യേശു കുറ്റം വിധിക്കപ്പെട്ടവർക്ക് അഭയമേകിയതുപോലെ അസ്പൃശ്യർക്ക് അങ്ങും അഭയമേകുന്നു. തെറ്റുചെയ്യുന്നവർക്ക് മനസ്താപം പകരുംവിധം അദ്ദേഹത്തെപ്പോലെ അങ്ങും സത്യം തുറന്നുപറയുന്നു. അദ്ദേഹത്തിന്റെ വചനങ്ങൾ പോലെ അങ്ങയുടെ വചനങ്ങളും ദ്രോഹികൾക്ക് മുറിവേല്പിക്കുന്നു. അവർക്ക് അങ്ങേയ്ക്കെതിരെ പ്രവർത്തിക്കാൻ, യേശുവിനെതിരെ പ്രവർത്തിക്കാൻ ഉണ്ടായിരുന്നതുപോലെതന്നെ, ആൾക്കൂട്ടങ്ങളുണ്ടാവും.

രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നത്തെ ലോകവും അങ്ങയെ ക്രൂശിക്കാൻകഴിയുമാറ് പരിഷ്കൃതമാണ്, അങ്ങയെ അഭിനന്ദിക്കാൻമാത്രം ആദർശഭരിതമായിട്ടില്ല. അങ്ങ് ശക്തിരാഷ്ട്രീയത്തിന്റെ പരിഷ്കൃതിക്കും നയതന്ത്രപരമായ അവിശ്വസ്തതയ്ക്കും മുകളിൽ തലയുയർത്തി നിന്നുകൊണ്ട് വംശശുദ്ധി സംഘങ്ങളെ നിഷേധിച്ച് ആത്മീയതയുടെ കൈത്തിരിയായി ജ്വലിച്ചു നിൽക്കുന്നു.

കത്തോലിക്കാസഭയ്ക്കുള്ളിൽ വംശശുദ്ധിസംഘങ്ങളെ എവിടെ, എപ്പോൾ, എന്ത്, ആര്, എന്തുകൊണ്ട് എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കു വിധേയമാകാതെ അംഗീകരിക്കാൻ ഇടയാക്കിയിരിക്കുന്നത് ക്രിസ്തു സന്ദേശത്തിന്റെ ചൈതന്യം ഉൾക്കൊള്ളുന്നതിൽ സഭാഹൈരാർക്കി പരാജയപ്പെട്ടതിനാലാണ്. (പോപ്പിന്റെ അംഗീ

കാരം ഭൂകേന്ദ്രീകൃതമായ ഒരു പ്രപഞ്ചത്തിനാണെങ്കിൽ ഭൂമിക്ക് സൂര്യനെ വലംവയ്ക്കാതിരിക്കാനാവില്ല.)

സഭയും സീറോ-മലബാർ ഹൈരാർക്കിയും ക്രൈസ്തവ ചൈതന്യവും വംശശുദ്ധിപരിപാലനത്തിൽ സദാചാരലംഘനമുണ്ടെന്ന് തിരിച്ചറിയുന്നു. ഇക്കാരണത്താലാണ് സഭ വംശശുദ്ധിയുള്ള സമൂഹങ്ങൾ എന്ന വാദം നിഷേധിക്കുകയും അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് എന്നതിൽ സംശയമില്ല. നിഷേധിക്കുന്നതോടൊപ്പം സമ്മതിച്ചുകൊടുക്കുകയും ചെയ്യുന്നത് കാപട്യമാണ്. രാഷ്ട്രീയപ്രേരിതമായ ആ നയതന്ത്രമാണ് സത്യസന്ധതയെ പുറംതള്ളുന്നത്. സത്യസന്ധതയില്ലാത്ത മതം, ആത്മീയത, മുത്തില്ലാത്ത ചിപ്പിയാണ്. ഭൗതികസാഹചര്യങ്ങൾക്കനുസൃതമായി തീരുമാനങ്ങളെടുക്കുന്നത് മതപരമായ ആദർശനിഷ്ഠയല്ല, രാഷ്ട്രീയതന്ത്രം മാത്രമാണ്. ക്രിസ്തുവിന്റെ ജീവിതവും ഭഗവദ്ഗീതയും ഇതിനെ ചോദ്യം ചെയ്യുന്നതാണ്.

വംശശുദ്ധിക്കായി ആഹ്വാനം ചെയ്യുന്നത് ക്രിസ്തീയതയ്ക്കും അതിന്റെ ആദർശനിഷ്ഠയ്ക്കും മാരകമായ ഭീഷണിയാണ്. അതുകൊണ്ട് അതു മതനിന്ദ തന്നെയാണ്.

അസ്പൃശ്യതയ്ക്കും രക്തശുദ്ധിക്കുംവേണ്ടി ആഹ്വാനം ചെയ്യുന്ന വൃത്തികെട്ടവരെയാണ് ആദ്യം തന്നെ, വ്യഭിചാരികളായ ചീത്ത മനുഷ്യർക്കുമുമ്പേ, സഭ പുറംതള്ളേണ്ടത്. കാരണം, ആദ്യം പറഞ്ഞവർ മനുഷ്യവിദ്വേഷം ഉള്ളിൽ ഒളിപ്പിച്ചുവച്ചിട്ടുള്ളവരാണ്.

1911-ലെ ഡിക്രിയിലോ സഭാപരമായ മറ്റേതെങ്കിലും നിയമവ്യവസ്ഥകളിലോ വംശശുദ്ധിക്കു വിരുദ്ധമായി പ്രവർത്തിച്ചു എന്നതിന്റെ പേരിൽ ആരെയും സഭയ്ക്കു പുറത്താക്കാൻ യാതൊരു ചട്ടവും ഇല്ലതന്നെ. അതുകൊണ്ടുതന്നെ, കൂദാശകൾ ഉൾപ്പെടെയുള്ള ആത്മീയാവശ്യങ്ങൾ നിർബാധം സാധിച്ചുകൊടുക്കാനുള്ള ചുമതല വിശ്വാസികൾക്ക് നിഷേധിച്ചുകൊണ്ട് ആരെയും സഭയ്ക്കു പുറത്താക്കാൻ സഭാധികാരികൾക്ക് അവകാശമില്ല. ഓരോരുത്തർക്കും ആത്മരക്ഷ പ്രദാനം ചെയ്യുക എന്നത് നിഷേധിക്കുന്ന യാതൊരു സഭാനിയമവുമില്ലതന്നെ. 1911-ലെ ഡിക്രി ഒരു തമാശയാണെന്നും സഭ കൂദാശകളെ ഗൗരവമായി കാണുന്നില്ലെന്നും പറയാനാവുമോ? ആ ഡിക്രി സൂക്ഷ്മമായി പരിശോധിച്ചാൽ സ്വവംശത്തിൽനിന്നു വിവാഹം കഴിക്കാത്തവരെ സഭയ്ക്കു പുറത്താക്കാമെന്ന് വത്തിക്കാൻ ഉദ്ദേശിച്ചിരുന്നില്ലെന്നും ആ ഡിക്രി വളച്ചൊടിച്ച് വ്യാഖ്യാനിച്ച് നടപ്പിലാക്കിയ മാർ മാക്കീലും പിൻഗാമികളുമാണ് ഇവിടെ കുറ്റവാളികളെന്നും നമുക്കു കാണാൻ കഴിയും.

ആ ഡിക്രിയുടെ ആമുഖത്തിൽ അതിന്റെ ഉദ്ദേശ്യങ്ങളായി വംശശുദ്ധിയെപ്പറ്റിയോ വംശീയവിവാഹം എന്ന പാരമ്പര്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയോ ഒന്നും പറയുന്നേയില്ല. വംശീയവിവാഹം എന്ന പാരമ്പര്യം പിന്തുടരാത്തവർക്ക് എന്തെങ്കിലും ശിക്ഷ നല്കുന്നതിനെപ്പറ്റിയും അതിൽ യാതൊന്നും പറയുന്നില്ല. വംശീയവിവാഹം എന്ന പാരമ്പര്യം പിന്തുടരാത്തവർക്ക് എന്തെങ്കിലും ശിക്ഷ നല്കുന്നതിനെപ്പറ്റിയും അതിൽ യാതൊന്നും പറയുന്നില്ല. വംശീയവിവാഹം പിന്തുടരാത്തതിന്റെ പേരിൽ സഭാംഗങ്ങളെ സഭയ്ക്കുപുറത്താക്കുന്ന കോട്ടയം രൂപതയുടെ സമ്പ്രദായം, ആ ഡിക്രിയിൽ അങ്ങനെയുള്ള ശിക്ഷയെപ്പറ്റി പരാമർശമില്ലാത്തതിനാൽതന്നെ നിയമപരമായ സാധുതയുള്ളതല്ല. ആ ഡിക്രിയിലെ മർമ്മപ്രധാനമായ മാർഗനിർദ്ദേശങ്ങളിലും ചട്ടങ്ങളിലും വംശീയ വിവാഹം പിന്തുടരാൻ കഴിയാതെപോകുന്നരെ അനുഭാവപൂർവ്വം വീക്ഷിക്കുന്നുണ്ട്. വ്യത്യസ്ത റീത്തുകളിലും വ്യത്യസ്ത വംശങ്ങളിലും ഉള്ളവർ തമ്മിലുള്ള വിവാഹം കത്തോലിക്കാസഭയിൽ സർവസാധാരണമാണ്. അങ്ങനെ വിവാഹം കഴിക്കുന്നവരെ സഭയ്ക്കു പുറത്താക്കുന്ന രീതി സഭയിലെങ്ങും നിലവിലില്ല.

മുൻപറഞ്ഞ ഡിക്രിയിൽ പറഞ്ഞിരിക്കുന്നതിനനുസരിച്ചാണ് സ്വവംശത്തിനു പുറത്തു വിവാഹം കഴിക്കുന്നവരെ സഭയ്ക്കു പുറത്താക്കുന്നതെങ്കിൽ, ആ നിയമം തയ്യാറാക്കിയവരുടെ അനുഭവജ്ഞാനക്കുറവാണ് അതിനു കാരണം എന്ന് വത്തിക്കാനും മനസ്സിലാകും. അപ്പോൾ ആ ഡിക്രിതന്നെ നിയമസാധുതയില്ലാതാകും. അതോടൊപ്പം കോട്ടയം രൂപതയും നിയസാധുതയില്ലാത്തതാകും.

വംശബാഹ്യവിവാഹം ചെയ്യുന്നവർ സഭയ്ക്കു പുറത്താകും എന്ന കാര്യം ആ ഡിക്രിയിൽത്തന്നെ നിഹിതമായുണ്ടെന്നു വാദിക്കുന്നവർ താഴെക്കൊടുക്കുന്ന കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവില്ല. 1. സാർവത്രികസഭയിലെങ്ങും വംശം നോക്കാതെയാണ് വിവാഹങ്ങൾ നടത്താറുള്ളത്. 2. വംശം നോക്കാതെയുള്ള വിവാഹങ്ങൾ അംഗീകരിക്കുന്ന രീതിയാണ് ഇന്നും സാർവത്രികസഭയിൽ പിന്തുടരുന്നത്. 3. സർവോപരി വംശബാഹ്യ വിവാഹത്തിന്റെ പേരിൽ സഭയ്ക്കു പുറത്താകുന്ന വിശ്വാസികൾക്ക് കൂദാശകൾ മുടങ്ങാതിരിക്കാൻ സഭയുടെ നിയമസംവിധാനങ്ങളിലോ മുൻപറഞ്ഞ ഡിക്രിയിലോ യാതൊരു സംവിധാനവുമില്ല.

കോട്ടയം രൂപത വത്തിക്കാനെ അവഗണിച്ചുണ്ടാക്കായിട്ടുള്ള ഒരു പഴുതിലൂടെയാണ് സ്വവംശവിവാഹപാരമ്പര്യം പിന്തുടരാത്തവരെ പുറത്താക്കുന്നത്. ഇങ്ങനെ സഭയെത്തന്നെ അവഗണി

ക്കുന്നത് വിശ്വാസികൾക്ക് കൂദാശകൾ നിഷേധിക്കരുതെന്ന കത്തോലിക്കാസഭയുടെ അനുശാസനത്തിന്റെ, സഭാനിയമത്തിന്റെ, നിഷേധമാണ്. ഇതിൽ വലിയൊരു വിരോധാഭാസമുണ്ട്. ഒരു കത്തോലിക്കാ പുരോഹിതന്റെ അദ്ധ്യക്ഷതയിൽ പ്രവർത്തിക്കുന്ന സഭാഘടകത്തിൽ അതു സ്വീകരിക്കുക എന്നത് ഓരോ സഭാംഗത്തിന്റെയും കടപ്പാടാണ്.

സഭാംഗത്വം നിഷേധിക്കുമ്പോൾ കൂദാശകളും നിഷേധിക്കപ്പെടും. സഭയുടെ മാർഗനിർദ്ദേശങ്ങൾക്കും അനുശാസനങ്ങൾക്കും വിരുദ്ധമല്ലാത്ത വംശബാഹ്യവിവാഹത്തിൻരെ പേരിൽ സഭയ്ക്കു പുറത്താക്കുന്ന നിഷ്കളങ്കനായ ഒരു വിശ്വാസിക്ക് കൂദാശകൾ നിഷേധിക്കുന്നിടത്ത് നിയമപരമായ എന്തു ന്യായീകരണമാണുള്ളത്? വംശീയവിവാഹനിഷേധം കത്തോലിക്കാ സഭയുടെ ഏതെങ്കിലും സദാചാരസംഹിതയ്ക്ക് വിരുദ്ധമായ പാപമല്ല. അതിനാൽത്തന്നെ വംശബാഹ്യവിവാഹത്തിന്റെ പേരിലുള്ള സഭാബഹിഷ്കരണം നിരപരാധിയെ കുറ്റവാളിയാക്കുന്ന തികച്ചും നിരുത്തരവാദപരമായ ഒരു നടപടിയാണ്. ഇത് ദൈവികനിയമത്തെ ലംഘിച്ചതിന്റെ പേരിൽ കോട്ടയം മെത്രാനത്തെന്നെ തിരിച്ചാക്രമിക്കുന്ന ദൈവികമായ ഒരു ബൂമറങ്ങാണ്.

വംശവിവാഹപ്രസ്ഥാനം സാമുദായികമായ ഉത്കർഷവുമായി യാതൊരു ബന്ധവുമില്ലാത്ത, യാതൊരു കഴമ്പുമില്ലാത്ത ഒരു വിവാദവിഷയമാണ്. സാംസ്കാരികമായ ഒരുതരം കാപട്യാണത്. തെരുവുനായ്ക്കൾക്കും എലികൾക്കുമായി ഹോട്ടലുകളുടെ പര്യമ്പുറത്ത് കുപ്പക്കുഴിയിൽ വലിച്ചെറിഞ്ഞു കളയുന്ന എച്ചിലിനുള്ളത്ര പൈതൃകമേ അതിനുള്ളൂ. എരിവും പുളിയും നുരയുന്ന സെൻസേഷനലിസത്തിൽനിന്ന് നേതൃത്വത്തിന് രൂപം കൊടുക്കുന്ന രാഷ്ട്രീയക്കാരുടെ മുമ്പിൽ മറ്റെന്തിലുമുപരി ഇതൊരു മുഖം മൂടിധരിച്ച ട്രോജൻ കുതിരയാണ്. ഈ തിന്മയെ ഊട്ടിയുറപ്പിക്കാൻ കേരളത്തിലെ ട്രേഡ് യൂണിയനുകൾക്കുള്ള വർഗബോധമെന്ന പൈതൃകം ഒപ്പമുണ്ട്.

# എൻഡോഗമി വിവാദം

From: americankna@gmail.com
**Subject : നടവിളി ക്രിസ്തീയമാണോ?**

Date : Mon, 21 Jul 2014 08:29:06-0400
To : americankna@googlegroups.com

2014 ജൂൺ രണ്ടാം തീയതി നിവേദനവുമായി തന്നെ സമീപിച്ച സാബു ചെമ്മലക്കുഴിയോടും കൂട്ടരോടും ആലഞ്ചേരി പിതാവ് വളച്ചു കെട്ടില്ലാതെ ഇപ്രകാരം പറഞ്ഞതായി റിപ്പോർട്ടിൽ കണ്ടു.

"നിങ്ങൾ കാര്യങ്ങൾ തുറന്നു സംസാരിക്കുന്നതിനാൽ ഞാനും കാര്യങ്ങൾ തുറന്നുപറയാം; **നിങ്ങളുടെ എൻഡോഗമി വത്തിക്കാനു സ്വീകാര്യമല്ല. നിങ്ങൾ മിഷൻ പ്രവർത്തനം നടത്തി ആളുകളെ രൂപതയിൽ ചേർക്കുന്നില്ല. ഇതാണ് വത്തിക്കാൻ പറയുന്ന ന്യായം.**

**വത്തിക്കാൻ പറയുന്ന ന്യായത്തിൽ ന്യായം ഉണ്ടോ ഇല്ലയോ എന്ന കാര്യത്തിൽ ക്നാനായമക്കൾക്ക് വർഷങ്ങളോളം ചർച്ച നടത്താം. പക്ഷെ, എൻഡോഗമി വത്തിക്കാന് സ്വീകാര്യമല്ല എന്ന് പറഞ്ഞതിനെക്കുറിച്ച് ഒരു ചർച്ചയുടെയും ആവശ്യമില്ല. അത് നടത്തുവാൻ വത്തിക്കാൻ തയ്യാറുമല്ല.** ഡോ ഷീൻസ് അകശാല കെസിസിസഎൻഎ പ്രസിഡന്റ് ആയിരുന്ന സമയത്ത് എൻഡോഗമി വിഷയത്തിൽ ഒരു നിയമയുദ്ധത്തിന് ഒരുക്കും കൂട്ടിയിരുന്നു. അത് പിതാക്കന്മാർക്കും പിതാമഹനും ഒട്ടേറെ നാണക്കേട് ഉണ്ടാക്കും എന്ന് തിരിച്ചറിഞ്ഞ് അതിൽ നിന്നും പിന്തിരിപ്പിക്കാനായി ആലഞ്ചേരി പിതാവ് കുറെ ആശ്വാസവാക്കുകളും വാഗ്ദാനങ്ങളും നൽകുകയുണ്ടായി. അങ്ങനെ ആ കേസ് പിൻവലിച്ചു. അല്ലെങ്കിൽ അതുമായി മുന്നോട്ടു പോയില്ല. അന്ന് നൽകിയ മോഹനവാഗ്ദാനങ്ങൾ വെറും ചതി ആയിരുന്നു എന്നു ക്നാനായ സമുദായമോ, അമേരിക്കയിലെ ക്നാനായ സംഘടനകളോ ഇനിയും തിരിച്ചറിഞ്ഞിട്ടില്ല.

ഇപ്പോൾ പിതാവ് പറയുന്നു - **"അദ്ദേഹത്തെ കാണാൻ തയ്യാറല്ല എന്നാണ് ഓറിയന്റൽ കോൺഗ്രിഗേഷൻ അറിയിച്ചത്. അതായത്, എൻഡോഗമി വിഷയവുമായി എത്തേണ്ടതില്ല എന്ന്. അമേരിക്കൻ സീറോമലബാർ സഭയുമായി അവർ ചേർന്നു പോകണം എന്നാണ് കോൺഗ്രിഗേഷന്റെ ആഗ്രഹം."**

എന്നിട്ടും ക്നാനായക്കാർക്ക് കാര്യങ്ങൾ മനസ്സിലാകുന്നില്ല.

അമേരിക്കയിലും ഡൽഹിയിലും ഓസ്ട്രേലിയയിലും എൻ ഡോഗമിയുടെ കഴുത്തിന് കത്തി വയ്ക്കുക; അൽപം ഒച്ചയും ബഹളവും ഒക്കെ ഉണ്ടാകും. അതൊക്കെ അടങ്ങിക്കഴിയുമ്പോൾ. ഇതേ നയം കോട്ടയം അതിരൂപതയിലും നടപ്പിലാക്കുക. ഇതാണ് സീറോമലബാർ സഭയുടെ അജണ്ട. അതിനു സർവമനസോടെ കോട്ടയം പിതാക്കന്മാർ നിന്നുകൊടുക്കുന്നുണ്ട്. ഇത് മനസ്സിലാക്കാൻ റോക്കറ്റ് സയൻസ് പഠിക്കുകയോ, ദിവ്യദൃഷ്ടി ഉണ്ടാവുകയോ ഒന്നും വേണ്ട. വെറും സാമാന്യബുദ്ധി ഉണ്ടായാൽ മാത്രം മതി. മൂലക്കാട്ട് പിതാവിന്റെ ടൗൺഹാൾ മീറ്റിങ്ങിൽ ഞാണിൻമേൽക്കളി ഒട്ടുമിക്ക ക്നാനായക്കാരും കണ്ടു. അതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. വത്തിക്കാന്റെ നയത്തോട് താനും യോജിക്കുന്നു എന്ന് തുറന്നു പറയാനുള്ള ആർജ്ജവമോ സമുദായത്തെ രക്ഷിക്കാനുള്ള തന്റേടമോ അദ്ദേഹത്തിനില്ല. സീറോമലബാർ സഭയ്ക്ക് ഒരു ബാധ്യതയും ക്നാനായ സമുദായത്തിന്റെ അന്തകനുമാണ് അദ്ദേഹം.

ഇതൊന്നും മനസ്സിലാക്കാൻ സാധിക്കാതെ, ചിക്കാഗോയിലെ ഭക്ഷണത്തിന്റ കുറ്റവും കുറവും പറഞ്ഞ്, നമ്മൾ അടുത്ത രണ്ടുവർഷം തള്ളിനീക്കും. പിന്നെ അടുത്ത കൺവെൻഷൻ ലഹരിയിൽ.

ഒരു പുതിയ കാനോനിക പ്രഖ്യാപനത്തിലൂടെ നടവിളി ക്രിസ്തീയമല്ല എന്ന അറിയിപ്പു ലഭിക്കുന്നതുവരെ നമുക്ക് പിതാക്കന്മാരെ - അവർ ക്നാനായക്കാരാണെങ്കിലും അല്ലെങ്കിലും - നടവിളിച്ചു സ്വീകരിച്ചു രസിക്കാം.

നട നടായോ നട

ക്നാനായ നടേശന്

ക്നാനായ രക്തശുദ്ധിയും ക്നാനായ പൈതൃകവും സംരക്ഷിക്കാൻ വിശ്വാസിസമൂഹം അവരുടെ സഭാമേലധികാരികൾക്കെതിരെ പോരാടേണ്ടിവരുന്ന ഈ ഘട്ടത്തിൽ, അവരെ ഉണർത്താൻ ഒരൊറ്റമാർഗ്ഗമേയുള്ളൂ എന്ന് മനസ്സിലാക്കുക.... അതിതാണ്.

വ്യാജ ക്നാനായപള്ളികളിൽ സ്തോത്രക്കാഴ്ച ഇടുന്നത് എല്ലാ ക്നാനായമക്കളും ഉടനടി നിർത്തുക.

അങ്ങനെയെങ്കിലും സഭാനേതൃത്വം ഉണരട്ടെ.

From: vincent1234@
Date : August 14, 2014 at 11:40:55 AM EDT
To : Amricankna Kna <americana@gmail.com>

**Subject :**

## ചിക്കാഗോ തിരുഹൃദയ ദേവാലയ എക്സിക്യൂട്ടീവും അങ്ങാടിയത്ത് പിതാവുമായുള്ള കൂടിക്കാഴ്ചയിലെ വിവരങ്ങൾ

പ്രിയമുള്ള ക്നാനായ ഇടവകാംഗങ്ങളേ,

ചിക്കാഗോയിലെ മേയ് വുഡ് ക്നാനായ കാത്തലിക്ക് തിരുഹൃദയ ദേവാലയത്തിന്റെ പാരീഷ് കൗൺസിലിന്റെ നിർദ്ദേശാനുസരണം കൈക്കാരന്മാരായ തോമസ്സ് നെടുമാംപുഴ, ജോയി കുടശ്ശേരിൽ, ജിമ്മി മുകുളേൽ, സെക്രട്ടറി ഷിബു മുളയാനിക്കുന്നേൽ, പി.ആർ.ഒ. സക്കറിയ ചേലക്കൽ, പാരീഷ് കൗൺസിൽ അംഗം അലക്സ് കണ്ണച്ചാംപറമ്പിൽ എന്നിവർ ആഗസ്റ്റ് ആറാം തീയതി വൈകുന്നേരം അഞ്ചുമണിക്ക് അഭിവന്ദ്യ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനെ നേരിൽ കാണുകയുണ്ടായി. പിതാവിന്റെ പ്രത്യേക നിർദ്ദേശാനുസ്സരണം മീറ്റിങ്ങിന്റെ സംഭാഷണം റിക്കോർഡ് ചെയ്യുകയോ ഫോട്ടോ എടുക്കുകയോ ചെയ്തിട്ടില്ല. എങ്കിലും ഈ മീറ്റിംഗിന്റെ വിശദാംശങ്ങൾ ഇടവകാംഗങ്ങളെയും ക്നാനായ സമുദായത്തെ മൊത്തമായും അറിയിക്കേണ്ടത് ഞങ്ങളുടെ കടമയായി കരുതുന്നു.

പാരീഷ് കൗൺസിലിന്റെ നിർദ്ദേശങ്ങൾ അടങ്ങിയ നിവേദനം വായിച്ചു നോക്കിയതിനുശേഷം അഭിവന്ദ്യ പിതാവ് പറഞ്ഞ കാര്യങ്ങൾ:

1. "നിവേദനത്തിനൽ പറഞ്ഞിരിക്കുന്ന കാര്യത്തിൽ എനിക്ക് ഒന്നുംതന്നെ കാര്യമായിട്ട് ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നില്ല. എന്റെ അധികാരപരിധിക്ക് പുറത്താണ് ഇതിനെപ്പറ്റിയുള്ള തീരുമാനങ്ങൾ എടുക്കേണ്ടത്."

2. **"എൻഡോഗമി സമ്പ്രദായത്തെ കത്തോലിക്കാ സഭ പ്രോത്സാഹിപ്പിക്കുന്നില്ല. കോട്ടയത്ത് പോലും സഭാപരമായി ഇത് പ്രാക്ടീസ് ചെയ്യാൻ കത്തോലിക്കാസഭ അനുവാദം നൽകിയിട്ടില്ല."**

3. **"കോട്ടയം രൂപതാ സ്ഥാപനം തന്നെ റോമിന് പറ്റിയ പിശകാണെന്ന ശക്തമായ ഒരു ധാരണയും ഇന്ന് നിലവിലുണ്ട്."**

സംഭാഷണത്തിലെ പ്രധാന കാര്യങ്ങൾ ആണ് മുകളിൽ പ്രതിപാദിക്കുന്നത്. തീർത്തും നിഷേധാത്മകമായ മറുപടിയും പ്രവാസി ക്നാനാക്കാരിൽ നിന്നും കോട്ടയത്തേക്ക് കൂടി സീറോമലബാർ പിതാക്കന്മാരുടെ ശ്രദ്ധ തിരിയുന്നതിന്റെ വ്യക്തമായ തെളിവുകളാണ് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്.

## പ്രതികരണം

"ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും, സഹോദരനെ വെറുക്കുകയും ചെയ്യുന്നവൻ നുണയനാണ്." (1 യോഹന്നാൻ 4:20)

ക്നാനായ ബുദ്ധിജീവികൾ എന്നു നടിക്കുന്ന, തീവ്രവാദികളുടെ ആക്ഷൻ കൗൺസിൽ ചെയർമാൻ എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ശ്രീ. സാബു ചെമ്മലക്കുഴി 2014 ജൂൺ 1-ന് കോട്ടയത്തു നിന്ന്, കൊച്ചി മേജർ ആർച്ച് ബിഷപ്പിന്റെ ആസ്ഥാനത്തേക്ക് നടത്തിയ പദയാത്രയ്ക്കുശേഷം ജൂൺ 2-ന് മേജർ ആർച്ചുബിഷപ്പ് ജോർജ്ജ് ആലഞ്ചേരിയുമായി ക്നാനായ വിമോചന സഹനയാത്രയുടെ നിവേദക സംഘത്തിന് അനുവദിച്ച അഭിമുഖഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

### 2014 ജൂൺ 2-ാം തീയതി സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പുമായി ക്നാനായ വിമോചനസഹനയാത്രയുടെ നിവേദകസംഘത്തിന് അനുവദിച്ച അഭിമുഖം

ഞങ്ങൾ നടന്നു രണ്ടാം നിലയിലെത്തി.

അച്ചാ ഞങ്ങൾ ഫോട്ടോഗ്രാഫറെക്കൂടി വിളിച്ചിട്ടുവരാം.

ചാൻസിലർ, ഫാ. ആന്റണി കൊള്ളന്നൂർ : ഫോട്ടോ ഒന്നും എടുക്കരുത്. നമ്മുടെ സംസാരങ്ങൾക്ക് ഒരു റിക്കാർഡും പാടില്ല.

ഞങ്ങൾ മുറിയിലെത്തി. പിതാവു സൈഡിലൂടെ കടന്നുവന്നു. എല്ലാവരും മോതിരം മുത്തി ഇരിക്കുന്നു.

മേജർ ആർച്ച് ബിഷപ്പ് : നിങ്ങൾക്ക് എന്താണ് പ്രശ്നം, അതിരൂപ

തയില്ലേ?

സാബു ചെമ്മലക്കുഴി, അറ്റ്ലാന്റ : അമേരിക്കയിൽ അങ്ങാടിയത്ത് പിതാവ് ഇറക്കിയ ഇടയലേഖനം ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്.

മേജർ : അങ്ങാടിയത്ത് പിതാവ് എഴുതിയ ഇടയലേഖനം മൂലം ഒരു ബുദ്ധിമുട്ടും അമേരിക്കയിലുണ്ടായിട്ടില്ല.

സാബു : ബുദ്ധിമുട്ടുകൾ ഉണ്ട് പിതാവേ, 1986 റിസ്ക്രിപ്റ്റും വലിയ പ്രശ്നമായി നിൽക്കുന്നു. വത്തിക്കാനിൽ സ്വാധീനം ചെലുത്തി പിതാവിന് അതു പിൻവലിക്കാൻ സാധിക്കില്ലേ?

മേജർ : അത് വത്തിക്കാൻ നൽകിയതല്ല; അമേരിക്കയിലെ ലത്തീൻ മെത്രാന്മാർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നൽകപ്പെട്ടതാണത്. അല്ലാതെ വത്തിക്കാൻ നേരിട്ടു നൽകിയതല്ല.

സാബു : ഇനിയും എന്താണ് പ്രശ്നപരിഹാരം?

മേജർ : ഇക്കാര്യത്തിൽ ഞാൻ വളരെയധികം പ്രയത്നിച്ചതാണ്. വത്തിക്കാൻ അത് പിൻവലിക്കാൻ തയ്യാറല്ല. കേരളത്തിൽ മാത്രം എൻഡോഗമി പാലിച്ചുകൊണ്ട് ആ സമുദായം നില നിൽക്കട്ടെ, മറ്റിടങ്ങളിൽ സീറോമലബാർ സഭയോട് ചേർന്ന് നിന്നുകൊണ്ട് പ്രവർത്തിക്കട്ടെ എന്നാണ് റോമിന്റെ തീരുമാനം.

സാബു : അപ്പോൾ അമേരിക്കയിൽ എന്തിനാണ് ഞങ്ങൾക്ക് പ്രത്യേകമായ ദേവാലയങ്ങൾ? 10 ഇടവകക്കാർ ഉള്ളിടത്തു പോലും വൈദികനെ കാറിൽ കൊണ്ടുവരണം, തിരിച്ചുകൊണ്ടു വിടണം, ഇൻഷുറൻസ് എടുക്കണം, റ്റി.എ. തന്നാൽ പോരേ? ഇടയലേഖനം വന്നുകഴിഞ്ഞപ്പോൾ സ്തോത്രക്കാഴ്ച മൂന്നിലൊന്നായി കുറഞ്ഞു.

മേജർ : മൗനം പാലിക്കുന്നു.

ഡോമിനിക് സാവിയോ വാച്ചാച്ചിറയിൽ : പത്തുപേർ ചേർന്ന് നൽകിയ പരാതിയിൽ ലഭിച്ച റിസ്ക്രിപ്റ്റ് പിൻവലിക്കാൻ സീറോമലബാർ സിനഡിന്റെ തീരുമാനവും കത്തും ആവശ്യമാണെന്ന് മനസിലാക്കുന്നു. അത് ശരിയാണോ?

മേജർ : അതു ശരിയല്ല. മൂലക്കാട്ട് പിതാവിന് തനിയെ ചെയ്യാവുന്നതാണതെല്ലാം. ഞാൻ റോമിൽ സ്വാധീനം ചെലുത്തിയാലും സാധിക്കില്ല എന്നതാണ് സത്യം. ക്നാനായ അതിരൂപതയെ സംബന്ധിച്ച് ചില കാര്യങ്ങളിൽ എന്നെക്കാളും കൂടുതൽ കാര്യങ്ങൾ ഇക്കാര്യത്തിൽ മൂലക്കാട്ട് പിതാവിന് ചെയ്യുവാൻ കഴിയും.

സാബു : കോട്ടയം അതിരൂപതാദ്ധ്യക്ഷന് ലോകം മുഴുവനിലുമുള്ള ക്നാനായക്കാരുടെ മേൽ അജപാലനാധികാരം നൽകിയാൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുകയില്ലേ?

മേജർ : എനിക്കുപോലും ലോകം മുഴുവനിലും അധികാരമില്ലല്ലോ? ഏതാണ്ട് 18 രൂപതകളിൽ, അതായത് സീറോമലബാർ സഭയുടെ പ്രോപ്പർ ടെറിറ്റോറിയലിൽ അല്ലേ എനിക്ക് അധികാരമുള്ളൂ.

റ്റോമി ജോസഫ് കല്ലുപുരയ്ക്കൽ : പിതാവേ, ഡൽഹിയിലെ ഞങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണ്. അവിടെ നിന്നും അൻപത് ക്നാനായ കത്തോലിക്കാ കുടുംബങ്ങൾ യാക്കോബായ സഭയിലേക്ക് പോകുകയും അവരുടെ ദേവാലയങ്ങളിൽനിന്നും കുർബാന സ്വീകരിക്കുകയും ചെയ്യുന്നതായി അറിയുന്നു. പെന്തക്കോസ്തിലേക്കും, യഹോവ സാക്ഷിയിലേക്കും ആളുകൾ പോകുന്നു. അത് സങ്കടകരമായ അവസ്ഥയല്ലേ?

മേജർ : കുറേനേരം മൗനത്തിൽ ........ അത് മൂലക്കാട്ട് പിതാവിനോട് നേരിട്ട് നിങ്ങൾ സംസാരിക്കേണ്ട വിഷയമാണ്.

റ്റോമി ജോസഫ് : ഡൽഹിയിൽ രൂപത വരുന്നതിന് മുമ്പ് വടക്കുംഭാഗക്കാർക്കും തെക്കുംഭാഗക്കാർക്കും കോർഡിനേറ്റർമാരുണ്ടായിരുന്നു. രൂപത വന്നുകഴിഞ്ഞപ്പോൾ വടക്കുംഭാഗക്കാർക്ക് ആ സംവിധാനം ആവശ്യമില്ലാതായി. ഞങ്ങൾക്കിന്നും കോർഡിനേറ്റർ നിലനിൽക്കുന്നു. അതിന്റെയർത്ഥം അവർക്കവിടെ നീതി ലഭിക്കുന്നില്ല എന്നല്ലേ? കോട്ടയം രൂപത അയച്ച തടത്തിലച്ചനെ ക്നാനായ കോർഡിനേറ്റർ എന്ന് വിളിക്കുന്നുണ്ടെങ്കിലും അദ്ദേഹത്തിനെ ഒറ്റ ക്നാനായക്കാരന് പോലുമില്ലാത്ത അശോക് വിഹാറിലെ സെന്റ് ജൂഡ് പള്ളിയിൽ നിയമിച്ചിരിക്കുന്നു.

പിതാവേ, കേരളത്തിൽനിന്നും ജോലി തേടിയാണല്ലോ രണ്ടുവിഭാഗക്കാരും ഡൽഹിയിലെത്തിയത്, അവർക്ക് പൊതുവായിട്ടുള്ള തലവനായി അങ്ങുണ്ടല്ലോ? അപ്പോൾ ഡൽഹിയിലും അതിന്റെ ഗുണമുണ്ടാകണ്ടേ?

മേജർ : ഡീറ്റേയിൽസിലേക്ക് പോകുവാൻ നമുക്കിപ്പോൾ ആവില്ല (മൗനം തുടരുന്നു....)

ഡോമിനിക് : അങ്ങ് പറയുന്നതിനെല്ലാം കുറച്ചുകൂടി ക്ലാരിറ്റി ലഭിക്കേണ്ടതായിട്ടുണ്ട്. പിതാവേ, ഞങ്ങൾക്കായി എന്തിനാണ് സിനഡിൽ വോട്ടെടുപ്പ് നടത്തുന്നത്. മുപ്പതിനു മുകളിൽ വടക്കുംഭാഗ മെത്രാന്മാരുടെ കൂട്ടത്തിൽ രണ്ട് വോട്ടുള്ള കോട്ടയം മെത്രാന്റെ ആവശ്യത്തിനുമേൽ വോട്ടിട്ടാൽ അതി

ന്റെ ഫലമെന്താകുമെന്ന് അങ്ങേക്ക് അറിയാമല്ലോ. മറ്റ് മെത്രാന്മാരെ ഇക്കാര്യത്തിൽ ബോധവൽക്കരിക്കാൻ ഞങ്ങൾക്കാവില്ലല്ലോ? ഞങ്ങൾ ന്യൂനപക്ഷമല്ലെ ഈ വോട്ടെടുപ്പ് അനീതിയല്ലേ?

മേജർ : ആരുപറഞ്ഞു നിങ്ങളുടെ ആവശ്യത്തിനുമേൽ വോട്ടെടുപ്പ് നടന്നെന്ന്? വോട്ടെടുപ്പൊന്നുമുണ്ടായിട്ടില്ല.

ഡോമിനിക് : ഞങ്ങൾക്ക് ആറ് വോട്ടാണ് ലഭിക്കുന്നതെന്ന് വർക്കി പിതാവ് പറഞ്ഞിട്ടുണ്ടല്ലോ? വർക്കിപിതാവ് എഴുതിയ ഹൃദയത്തിലേക്ക് എന്ന പുസ്തകത്തിൽ വോട്ടിങ്ങിനെക്കുറിച്ച് പറയുന്നുണ്ട്. ഞങ്ങളുടെ വോട്ടിങ്ങിനെക്കുറിച്ചല്ല പറയുന്നതെങ്കിലും സ്വാഭാവികമായി അങ്ങനെ ചിന്തിക്കാം.

മേജർ : എനിക്കറിയില്ല.... അക്കാര്യം.

സാബു : അമേരിക്കയിൽ ഇനിയും ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?

മേജർ : അമേരിക്കയിൽ ഞങ്ങൾക്ക് സിനഡിന് അധികാരമില്ല എന്നറിയാമല്ലോ.

ഡോമിനിക് : എന്നിട്ട് അവര് ഇവിടെ വന്ന് എന്തിനാണ് ഞങ്ങൾക്കെതിരായി വോട്ട് ചെയ്യുന്നത്? അധികാരമില്ല എന്നത് സാങ്കേതികമായ കാര്യമല്ലേ?

മേജർ : ഡീറ്റേയിൽസ് പറയാൻ ഞാനാഗ്രഹിക്കുന്നില്ല. അങ്ങനെ പറഞ്ഞാൽ ധാരാളം കാര്യങ്ങൾ പറയേണ്ടിവരും.

റ്റോമി : അങ്ങ് പറയുന്നു; അമേരിക്കയിലും ഡൽഹിയിലും അവിടുത്തെ ലത്തീൻ ബിഷപ്പുമാർക്കാണ് അധികാരമെന്ന്. എന്നാൽ, കണ്ണൂർ രൂപതയ്ക്കാവശ്യമായ അപേക്ഷ 36 വർഷമായി നിലവിലുണ്ടല്ലോ? അതിൻമേൽ എന്തുകൊണ്ട് തീരുമാനം എടുക്കുന്നില്ല?

മേജർ : **മുൻപ് നിങ്ങൾ പറഞ്ഞതുപോലെ, കണ്ണൂർ രൂപതയുടെ ആവശ്യത്തിന്മേൽ വോട്ടെടുപ്പ് നടന്നു എന്നത് സത്യമാണ്. എന്നാൽ അത് ഭൂരിപക്ഷമില്ലാതെ തള്ളപ്പെട്ടു. നിങ്ങൾ കാര്യങ്ങൾ തുറന്നു സംസാരിക്കുന്നതിനാൽ ഞാനും കാര്യങ്ങൾ തുറന്നുപറയാം. നിങ്ങളുടെ എൻഡോഗമി വത്തിക്കാന് സ്വീകാര്യമല്ല. നിങ്ങൾ മിഷൻപ്രവർത്തനം നടത്തി ആളുകളെ രൂപതയിൽ ചേർക്കുന്നില്ല. ഇതാണ് വത്തിക്കാൻ പറയുന്ന ന്യായം.**

ഡോമിനിക്: അത് പിതാവ് പറയരുത്. ഞങ്ങൾ ധാരാളം വൈദികരെയും കന്യാസ്ത്രീകളെയും മിഷൻ മേഖലയ്ക്ക് നൽകുന്നുണ്ട്. കോട്ടയത്ത് ആലഞ്ചേരി പിതാവ് വന്നല്ലേ മിഷൻ സംഗമം ഉദ്ഘാടനം നടത്തിയത്?

മേജർ : നിങ്ങൾ ചെറിയ സമൂഹമാണ് കൂടുതൽ രൂപത അനുവദിക്കുകയില്ല എന്നാണ് സഭയുടെ തീരുമാനം.

ഡോമിനിക്ക് : പിതാവേ ഞങ്ങൾ ഒന്നേമുക്കാൽലക്ഷം പേരുണ്ട്.

മേജർ : അത് നിങ്ങളുടെ കണക്കാണ്. ഒരു ലക്ഷത്തിപതിനെണ്ണായിരം ഉള്ളെന്നാണ് കണക്ക്. ചിരിക്കുന്നു.

ഡോമിനിക്ക് : **ഞങ്ങൾ പെറ്റുപെരുകുക മാത്രമാണ്.**

മേജർ : **മിഷൻ പ്രവർത്തനം ആളുകളെ ചേർക്കുന്നതുകൂടിയാകണം. നിങ്ങൾ ആളുകളെ ചേർക്കുന്നില്ല.**

ഡോമിനിക്ക് : സുവിശേഷപ്രവർത്തനം ആളുകളെ ചേർക്കുന്നതു മാത്രമല്ല എന്നല്ലേ സഭയുടെ നിലപാടും പ്രബോധനവും.

മേജർ : ശരിയാണ് നിങ്ങളുടെ മിഷൻ പ്രവർത്തനങ്ങൾ മറ്റാളുകൾ അറിയട്ടെ എന്നു കരുതിയും, എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കട്ടെ എന്നു കരുതിയുമാണ് ആ മിഷൻ സംഗമത്തിൽ ഞാൻ വന്നത്. ഞാനുംകൂടി മുൻകൈ എടുത്താണ് ആ സംഗമം സംഘടിപ്പിച്ചത്.

മേജർ : നിങ്ങൾ ചെറിയ സമൂഹമാണ് നിങ്ങൾക്ക് ഒരു രൂപതമതിയെന്നാണ് റോമിന്റെ തീരുമാനം.

ഡോമിനിക്ക് സാവിയോ : മതി മതി ഒരു രൂപതമതി ഡൽഹിയിലും അമേരിക്കയിലും കണ്ണൂരും സഹായമെത്രാനെ തന്നാമതി. ചെറിയ സമൂഹങ്ങൾക്കു മൂവായിരവും അയ്യായിരവും വിശ്വാസികൾ ഉള്ളിടങ്ങളിൽപോലും രൂപതകൾ അനുവദിക്കുന്നുണ്ടല്ലോ.

മേജർ : അത് മിഷൻ പ്രദേശങ്ങളിലാണ്. കണ്ണൂര് ഒരു സഹായമെത്രാൻ ഉണ്ടല്ലോ.

ഡോമിനിക് : പിന്നെ എവിടെയാണ് കുഴപ്പം?

മേജർ : നിങ്ങൾ ലത്തീൻ സഭയ്ക്ക് വേണ്ടിയാണ് മിഷനറിമാരെ നൽകുന്നത്.

ഡോമിനിക്ക് : പിതാവേ ക്നായിതൊമ്മൻ വന്നത് സുവിശേഷ പ്രഘോഷണത്തിനായിട്ടാണ് ഒരു പ്രത്യേകസഭയ്ക്കുവേണ്ടി പ്രവർത്തിക്കാനല്ല.

മേജർ : ചിരിക്കുന്നു.

ഡോമിനിക് : പിതാവ് പറയുന്നത്, വംശീയരൂപതകൾ അനുവദിക്കുന്നതിന് റോം എതിരാണെന്നാണല്ലോ? 2003-ൽ മോൺ പോൾ രണ്ടാമൻ മാർപാപ്പ ഇസ്രായേലിനെ യഹൂദ കത്തോലിക്കർക്കായി മാരിഗോറി എന്ന ഒരു വൈദികനെ ബിഷപ്പായി നിയമിച്ചിരുന്നു. അത് പിതാവിന് അറിവുള്ള കാര്യമാ

യിരിക്കുമല്ലോ? ഒരു വംശീയ മെത്രാനാണദ്ദേഹം.

മേജർ : ആരാണ്? എവിടെയാണ്?

റ്റോമി : ജെറുസലേം ലത്തീന് പാത്രിയാർക്കീസായിരുന്ന മൈക്കിൾ സബ്ബായുടെ കീഴിലായിരുന്നു ആ ബിഷിപ്പിന്റെ നിയമനം എന്നാണറിവ്. ആ പാത്രിയാർക്കീസ് കഴിഞ്ഞവർഷം മരണപ്പെട്ടു എന്നും അറിയാം. ഹെബ്രായ കത്തോലിക്കർ എന്നാണ് അവർ ഇന്ന് സഭയിൽ അറിയപ്പെടുന്നത്. ഹെബ്രായ റീത്തിനായുള്ള ശ്രമം വത്തിക്കാനിൽ നടക്കുന്നുമുണ്ട്?

മേജർ : ശരിയാണ്. മൈക്കിൾ സബ്ബായെപ്പറ്റി ഞാൻ കേട്ടിട്ടുണ്ട്. അയർലണ്ടിലും ഇതുപോലുള്ള ഒരു ബിഷപ്പിനെ നിയമിച്ചതായി എനിക്ക് അറിയാം. അപ്പോൾ നിങ്ങൾക്ക് കേരളത്തിനു വെളിയിൽ ലത്തീൻ ബിഷപ്പുമാരുടെ കീഴിൽ അങ്ങനെ തുടരുന്നതിനു കഴിയും.

ഡോമിനിക് : ലത്തീൻ ബിഷപ്പുമാരുടെ കീഴിൽ ഞങ്ങൾക്ക് പ്രശ്നമൊന്നുമുണ്ടാകുന്നില്ല. അവിടങ്ങളിൽ സീറോമലബാർ രൂപതകൾ വരുമ്പോഴാണ് പ്രശ്നങ്ങൾ. അമേരിക്കയിലും ഡൽഹിയിലും രൂപതകൾ വന്നുകഴിഞ്ഞപ്പോഴല്ലേ കുഴപ്പങ്ങളാരംഭിച്ചത്.

മേജർ : ഞാൻ എന്റെ നിലപാടുകൾ പറഞ്ഞു. മൂലക്കാട്ടിൽ പിതാവിന് പലകാര്യങ്ങളിലും പലതും ചെയ്യാനാകും. ചെയ്യുന്നുമുണ്ട്. വത്തിക്കാനിൽ ഇക്കാര്യങ്ങൾ ചെന്നുപറയുമ്പോൾ നോ എന്നാണ് മറുപടി. എന്നാലും ഇനിയും നിങ്ങൾക്കായി ഞാൻ പരിശ്രമിക്കുകയും ചെയ്യും. എൻഡോഗമിയാണ് മുഖ്യമായ പ്രശ്നം.

ഡോമിനിക് : **അപ്പോൾ പത്താം പീയൂസിന്റെ ബൂളാ നിലനിൽക്കുന്നില്ലേ? അതാണല്ലോ കോട്ടയം വികാരിയാത്തിന്റെ അടിസ്ഥാനം.**

മേജർ : **അതിനെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലവിലുണ്ട്. പത്താം പീയൂസിന്റെ ബൂളായിൽ എൻഡോഗമി എന്ന വാക്കില്ല എന്നാണ് പറയുന്നത്. അന്ന് ഇവിടെയുണ്ടായിരുന്ന ഇരുവിഭാഗങ്ങളുടെയും പ്രശ്ന പരിഹാരമായിട്ട് അനുവദിച്ചതാണ് അന്നത്തെ വികാരിയാത്ത് അനുവദിച്ചപ്പോൾ നിങ്ങൾ രൂപതയിലേക്ക് ആളുകളെ പ്രവേശിപ്പിക്കുകയില്ല എന്ന് അന്നുള്ളവർ മനസ്സിലാക്കിയിരുന്നില്ല. ഉദാഹരണമായി ലത്തീൻ രൂപതയിലെ എഴുന്നൂറ്റിക്കാരും, അഞ്ഞൂറ്റിക്കാരും രൂപതകളിലൊക്കെ പ്രശ്നമവസാനിപ്പിച്ചു. അവർ എൻഡോഗമി നിലനിർത്തുന്നില്ല. ഈ ചിന്തയിലായിരിക്കണം നിങ്ങൾക്കായി**

**വികാരിയാത്ത് അനുവദിച്ചപ്പോൾ അന്നത്തെ അധികാരികളുടെ മനസ്സിലുമുണ്ടായിരുന്നത്. അന്നു ധാരാളം പ്രശ്നങ്ങൾ നിങ്ങൾക്കിടയിൽ നിന്നും പൊന്തിവരുന്നതിനാൽ, എൻഡോഗമി എന്നതിന് വത്തി ക്കാൻ പ്രാധാന്യം കൽപ്പിക്കുന്നു. അതാണ് ഇന്നുള്ള ഏക തടസ്സം.**

അറ്റ്ലാന്റാ പ്രതിനിധി ജോസ് കാപറമ്പിൽ: പിതാവേ, അങ്ങാടിയത്ത് പിതാവിന്റെ ഇടയലേഖനം അമേരിക്കയിൽ ക്നാനായ സമുദായത്തിൽ ധാരാളം പ്രശ്നമുണ്ടാക്കിയിട്ടുണ്ട് എന്നത് സത്യമാണ്. നാളെ കേരളത്തിലേക്കും അതിന്റെ ബുദ്ധിമുട്ട് വരുകയില്ലേ?

മേജർ : എന്ത് ബുദ്ധിമുട്ട്? ഒന്നുമുണ്ടാകില്ല. അവിടുത്തെ ക്നാനായ കത്തോലിക്കർ സീറോമലബാർ സഭയോട് ചേർന്ന് നിൽക്കട്ടെ ഇവിടുത്തെ ക്നാനായക്കാർ ഇന്നുള്ള സ്ഥിതിയിലും തുടരും. ഇതാണ് റോമിന്റെയും നിശ്ചയം. ഞാനും പലയിടത്തും രൂപതകൾ വേണമെന്ന് ആവശ്യപ്പെട്ടിട്ടും അതെല്ലാം കിട്ടുന്നില്ലല്ലോ? തിരസ്കരണം എല്ലായിടത്തുമുണ്ട്. പ്രത്യാശയോടെ കാത്തിരിക്കുകയാണ് വേണ്ടത്.

ഡോമിനിക്ക് : പിതാവിന്റെ ആവശ്യങ്ങൾ ഇന്നല്ലെങ്കിൽ നാളെ സാധിച്ചുകിട്ടും. ഞങ്ങളുടെ ആവശ്യമാണ് പരിഹരിക്കപ്പെടാത്തത്.

ഇത്തരം പ്രതിഷേധങ്ങൾക്കൊണ്ട് ഒരു ഗുണവുമുണ്ടാവുകയില്ല. നിങ്ങൾക്ക് ലഭിക്കേണ്ട കാര്യങ്ങൾക്ക് അത് മങ്ങലേല്പിക്കും. നിങ്ങൾ മൂലക്കാട്ട് പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെയല്ല ഇവിടെ വന്നത് എന്നാണ് മനസ്സിലാക്കുന്നത്.... അല്ലേ? (ആരും ഒന്നും മറുപടി പറഞ്ഞില്ല) മൂലക്കാട്ട് പിതാവ് പറയുകയാണ്, ഇവരെ ഞാനാണ് അയയ്ക്കുന്നത്, ഇവരോട് മേജർ ആർച്ചുബിഷപ്പ് സംസാരിക്കണം എന്നു പറഞ്ഞാൽ കൂടുതൽ ഫലപ്രാപ്തിക്ക് കാരണമായേക്കാം. അതുകൊണ്ട് നിങ്ങൾ ബഹളമുണ്ടാക്കാതെ സൂത്രത്തിൽ നിന്ന് എന്തെങ്കിലും വാങ്ങിയെടുക്കുവാൻ ശ്രമിക്കുകയാണ് ചെയ്യേണ്ടത്.

ഡോമിനിക് : അടുത്തയിടെ മധ്യപൂർവ്വദേശത്തെ പിതാക്കന്മാരുടെ ഒരു സിനഡ് റോമിൽ നടന്നല്ലോ അതില് സംബന്ധിച്ച ബോസ്ക്കോ പൂത്തൂർ പിതാവ് അവിടെ അവതരിപ്പിച്ച റിപ്പോർട്ടിൽ ഗൾഫ് പ്രദേശത്ത് നാല്പതിനായിരം സീറോമലബാർ വിശ്വാസികളുണ്ടെന്നും അവരുടെ തനിമ നിലനിർത്താൻ സ്വന്തം വൈദികരാൽ പരിപാലിക്കപ്പെടണമെന്നാണല്ലോ. ഇതേ അവസ്ഥയിലല്ലേ കേരളത്തിനു പുറത്തുള്ള

ക്നാനായക്കാരും അവരുടെ അജപാലനവും ക്നാനായ വൈദികരാൽ നിർവ്വഹിക്കേണ്ടതല്ലേ.

മേജർ : മൗനം....

മയാമി പ്രതിനിധി, സൈമൺ കുഴക്കയിൽ : പിതാവേ, ഞങ്ങൾ വളരെ ദുഃഖത്തിലാണ്. ഒരു കാര്യം ഞാൻ ചോദിച്ചുകൊള്ളട്ടെ; ഒരു തെക്കുംഭാഗക്കാരന് ഒരു വടക്കുംഭാഗ പെൺകുട്ടിയെ അമേരിക്കയിൽ വെച്ച് വിവാഹം ചെയ്താൽ, അങ്ങാടിയത്ത് പിതാവിന്റെ പുതിയ കൽപനപ്രകാരം അവർ രണ്ടുപേരും അമേരിക്കയിലെ ക്നാനായ ഇടവകയിൽ അംഗമായിരിക്കും.

മേജർ : അതെ

സൈമൺ : അവർ നാട്ടിൽ വരുമ്പോൾ ഇവിടുത്തെ ക്നാനായ പള്ളിയിൽ അവരെ സ്വീകരിക്കുമോ?

മേജർ : നിങ്ങൾ മാറികെട്ടിയവരുടെ ആൾക്കാരാണോ?

റ്റോമി : പിതാവിന് കാര്യം മനസ്സിലായില്ല. അതായത് പിതാവേ, തെക്കുംഭാഗക്കാരനും കോട്ടയം കത്തീഡ്രൽ പള്ളി ഇടവകാംഗവുമായ ഒരു ക്നാനായ യുവാവ് അമേരിക്കയിൽ എത്തി ഒരു വടക്കുംഭാഗക്കാരിയെ വിവാഹം ചെയ്താൽ ഇന്നത്തെ അമേരിക്കൻ ഇടവകയിലെ നിയമമനുസരിച്ച് ക്നാനായ പള്ളിയിൽ അംഗത്വം ലഭിക്കും. എന്നാൽ, അവർ ജോലി നിർത്തി നാട്ടിൽ വരുമ്പോൾ കത്തീഡ്രൽ പള്ളിയിൽ അവർക്ക് അംഗത്വം ലഭിക്കുമോ എന്നാണ് സൈമൺ ചേട്ടൻ പിതാവിനോട് ചോദിച്ചത്.

മേജർ : കുറെനേരം മൗനത്തിലായശേഷം ആലഞ്ചേരി പിതാവ് പറഞ്ഞു. അത് നിങ്ങൾക്കിടയിലെ ഒരു ഇന്റേണൽ പ്രോബ്ലമാണ്. അതിന് പരിഹാരം നിർദ്ദേശിക്കാൻ മൂലക്കാട്ട് പിതാവിനോട് നിങ്ങൾ പറയണം.

ഡോമിനിക് : പണ്ട് ഷിൻസ് ആകശാല പിതാവിനെ വന്നു കണ്ടിരുന്നുവല്ലോ. നിങ്ങൾ രണ്ടുപേരും ചേർന്ന് റോമിൽ പോയി പ്രശ്നപരിഹാരമുണ്ടാക്കാം എന്നും കേട്ടിരുന്നു വല്ലോ?

മേജർ : ഷിൻസിനെ ഓറിയന്റൽ കോൺഗ്രിഗേഷനിൽ ഞാൻ പരിചയപ്പെടുത്താം എന്നാണ് പറഞ്ഞിരുന്നത്.

ഡോമിനിക് : എന്നിട്ട് ഷിൻസ് വന്നില്ലേ?

മേജർ : അദ്ദേഹത്തെ കാണാൻ തയ്യാറല്ലാ എന്നാണ് ഓറിയന്റൽ കോൺഗ്രിഗേഷൻ അറിയിച്ചത്. അതായത്, എൻഡോഗമി വിഷയവുമായി എത്തേണ്ടതില്ല എന്ന് അമേരിക്കൻ സീറോ മലബാർ സഭയുമായി അവർ ചേർന്നുപോകണം എന്നാണ്

കോൺഗ്രിഗേഷന്റെ ആഗ്രഹം.

മേജർ : നമുക്ക് പ്രാർത്ഥിക്കാം, പിതാവ് എഴുന്നേൽക്കുന്നു. എല്ലാവരും മോതിരം മുത്തുന്നു.

കാരുണ്യവാനായ പിതാവേ, ക്നാനായ സമുദായത്തിന്റെ പ്രശ്നങ്ങളെല്ലാം അങ്ങയുടെ കരങ്ങളിൽ ഞങ്ങൾ സമർപ്പിക്കുന്നു. അവരുടെ ആവശ്യങ്ങൾ നടത്തിതരാൻ അങ്ങ് ഇടപെടണമേ. മറിച്ചാണ് അങ്ങയുടെ തിരുവിഷ്ടമെങ്കിൽ, അത് അവർക്ക് മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും സാധിക്കണമേ. അങ്ങനെ അവർ സീറോ മലബാർ സഭയോട് ചേർന്ന് നിന്നുകൊണ്ട് ആഗോള സഭയ്ക്ക് മുതൽക്കൂട്ടായി തീരുവാൻ കഴിയട്ടെ. ഇവരുടെ ആവശ്യങ്ങൾ സാധിച്ചു കൊടുക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള ക്ഷമയും ശാന്തതയും ഇവർക്കു കൊടുക്കണമേ. പരിശുദ്ധ മറിയമേ ഞങ്ങൾ അങ്ങയുടെ മദ്ധ്യസ്ഥം തേടുന്നു.

(ആശീർവാദം നൽകുന്നു)

ഇറങ്ങാൻ നേരത്ത് സാബു പറഞ്ഞു : എളിമമൂലം എനിക്കിത് സാധിക്കില്ല എന്നു പിതാവ് പറയുമെങ്കിലും ക്നാനായ സമുദായത്തിനുവേണ്ടി പിതാവിന് പലതും ചെയ്യുവാനാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഞാൻ അടുത്തവർഷം അറ്റ്ലാന്റയിൽ നിന്നും ഷിക്കാഗോയിലേക്ക് ഏതാണ്ട് 800 കിലോമീറ്റർ നടന്നു നിവേദനം കൊടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. അതുകഴിഞ്ഞ് റോമിൽ നിരാഹാരവും ഇരിക്കും. ഞാൻ മരിച്ചാൽ പിതാവ് വന്ന് അടക്കിയേക്കണം.

മേജർ : ശുഭാപ്തി വിശ്വാസം നല്ലതാണ്; ആരോഗ്യം കാക്കണം കേട്ടോ.

ഡോമിനിക് : പിതാവ് നീണ്ടൂരുവന്നപ്പോൾ ഞങ്ങൾ നടവിളിച്ചു. കോട്ടയത്തുവന്നപ്പോൾ നടവിളിക്കാത്തതിൽ പരിഭവം പറഞ്ഞു.

മേജർ : അതേ അതേ എന്നെ നടവിളിച്ച് സ്വീകരിക്കണം. അതെനിക്കിഷ്ടമാണ്. വിളിക്കാത്തിടത്ത് അതു പറഞ്ഞ് വിളിപ്പിക്കും.

ഡോമിനിക് : പിതാവ് ഇനി വരുമ്പോൾ നടവിളിക്കാൻ ഈ സമൂഹം ഉണ്ടാകുമെന്ന് തോന്നുന്നില്ല.

ക്നാനായ രക്തശുദ്ധിയും ക്നാനായ പൈതൃകവും സംരക്ഷിക്കാൻ വിശ്വാസിസമൂഹം അവരുടെ സഭാമേലധികാ

രികൾക്കെതിരെ പോരടിക്കേണ്ടിവരുന്ന ഈ ഘട്ടത്തിൽ, അവരെ ഉണർത്താൻ ഒരൊറ്റമാർഗ്ഗമേയുള്ളൂ എന്ന് മനസ്സിലാക്കുക.... അതിതാണ്.

വ്യാജക്നാനായപള്ളികളിൽ സ്തോത്രക്കാഴ്ച ഇടുന്നത് എല്ലാ ക്നാനായമക്കളും ഉടനടി നിർത്തുക.

അങ്ങനെയെങ്കിലും സഭാനേതൃത്വം ഉണരട്ടെ.

## ക്നാനായ വിമോചനയാത്ര ആർക്കുവേണ്ടി? എന്തിനുവേണ്ടി?

*ഇവകളെ വിലയിരുത്തിക്കൊണ്ട് ശ്രീ. സി.കെ. പുന്നൻ ചിറയിൽ, കാരീസ്ഭവനു സമീപം, അതിരമ്പുഴ പ്രസിദ്ധീകരിച്ച 29-5-2014-ലെ നോട്ടീസ് ചുവടെ ചേർക്കുന്നു.*

ആക്ഷൻ കൗൺസിൽ ചെയർമാൻ എന്ന് സ്വയം പരിചയപ്പെടുത്തി, ഒരു സാബു ചെമ്മലക്കുഴി 2014 ജൂൺ 1-ന് കോട്ടയത്തുനിന്ന് കൊച്ചി മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാനത്തേക്ക് പദയാത്ര നടത്തുന്നു എന്ന് നോട്ടീസിൽ വായിച്ചു.

ദൈവകൃപയാൽ കുറെ നേഴ്സുമാർക്ക് അമേരിക്കയിൽ ജോലി ലഭിച്ചു. പിന്നാലെ ഭർത്താക്കന്മാരും പോയി. അവരിൽ പലരും ജീവിക്കാൻവേണ്ടി മദ്യക്കടകളും മറ്റും നടത്തി കുറെ പണമുണ്ടാക്കി. ഭൂരിപക്ഷം പേരും സൽക്കർമ്മങ്ങൾക്കുവേണ്ടി അവരുടെ സമ്പാദ്യത്തിന്റെ നല്ലൊരുഭാഗം ചെലവിടുന്നു. എന്നാൽ ഏതാനും ചിലർ വംശീയതയും വർഗ്ഗീയതയും പ്രചരിപ്പിച്ച് ജനങ്ങളെ തമ്മിൽ കലഹിപ്പിക്കുന്നതിനായി ഇവരുടെ സമ്പത്ത് ദുരുപയോഗം ചെയ്യുന്നു. ഇവരെ സമൂഹം ഭീകരർ എന്നു മുദ്ര കുത്തുന്നു.

ചെമ്മലക്കുഴി ഭീകരൻ ക്നാനായ വിശ്വാസ പാരമ്പര്യം സംരക്ഷിക്കുന്നതിനായി സഭാ പിതാക്കന്മാർക്ക് തുടർച്ചയായി കത്തുകളെഴുതുകയും സഭാകേന്ദ്രങ്ങളിലേയ്ക്ക് നിവേദനം നൽകുകയും ചെയ്യുന്ന ആക്ഷൻ കൗൺസിൽ ചെയർമാനാണെന്ന് സ്വയം അവകാശപ്പെടുന്നു. കൂടാതെ നൂറ്റാണ്ടുകളായി നമ്മൾ നിലനിർത്തിവരുന്ന ക്നാനായ പാരമ്പര്യവും വിശ്വാസവും സംരക്ഷിക്കുന്നതിനാണ് ഈ പദയാത്ര നടത്തുന്നതെന്ന് പറയുന്നു.

## ഈ പദയാത്രാഭീകരനോട്
## ഏതാനും ചോദ്യങ്ങൾ

1. 1911-ൽ കോട്ടയം രൂപത സ്ഥാപിക്കുന്നതിനു മുമ്പുള്ള 1566 വർഷം ക്നാനായ സമുദായത്തെ ഏതെങ്കിലും മെത്രാന്റെയോ, മാർപ്പാപ്പയുടെയോ സംരക്ഷണം കൂടാതെ നമ്മുടെ പൂർവ്വികർ കൈക്കുമ്പിളിൽ കാത്തു. ഇക്കാലമത്രയും സമുദായം തലയുയർത്തി നിന്നെങ്കിൽ, കോട്ടയം രൂപതാ സ്ഥാപനത്തിനുശേഷം സ്വയം നിൽക്കാൻ കെൽപ്പില്ലാതായതെങ്ങനെ?
2. സഭയും സമുദായവും വ്യത്യസ്തമാണ് എന്ന അവബോധം പതിനഞ്ചുനൂറ്റാണ്ടോളം നമ്മുടെ പൂർവ്വികർക്കുണ്ടായിരുന്നു. അവർ സമുദായ പൈതൃകം സംരക്ഷിച്ചു. ഇന്ന് ക്നാനായ സമുദായത്തിന്റെ ചുക്കാൻ മെത്രാനെ (സഭയെ) ഏൽപ്പിക്കുമ്പോൾ നമ്മുടെ പൂർവ്വികരുടെ ആത്മാവ് നമ്മോട് ക്ഷമിക്കുമോ?
3. ഇവിടുത്തെ മേജർ ആർച്ച് ബിഷപ്പോ മറ്റേതെങ്കിലും മെത്രാന്മാരോ ക്നാനായ സമുദായം നടത്തുന്ന ആചാരങ്ങൾ നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ? നമ്മൾ ആചാരങ്ങളുടെ പേരിൽ നടത്തുന്ന കോണക പ്രദർശനവും കുടിച്ചുകൂത്താടുന്നതും കുറുക്കന്മാർ ഓലി ഇടുന്നതുപോലെ ഇന്നത്തെ നടവിളിയും, ടൺകണക്കിന് ഭാരമുള്ള പ്രായപൂർത്തിയായ വധൂവരന്മാരെ പലരും ചേർന്ന് അസ്ഥാനങ്ങളിൽ പിടിച്ച് തൂക്കിയെടുത്ത് തോളിൽ ഏറ്റുന്നതും, ഇവിടുത്തെ സഭാധികാരികൾ എതിർത്തിട്ടുണ്ടോ?
4. നമ്മുടെ പാരമ്പര്യത്തോട് വിശ്വാസമുണ്ടെങ്കിൽ അതു സംരക്ഷിക്കേണ്ട ചുമതല നമ്മളിൽ തന്നെയാണ്. അതിന് മെത്രാൻ അരമനകളിൽ ചെന്ന്, ഞങ്ങളുടെ പാരമ്പര്യ വിശ്വാസം സംരക്ഷിക്കണമേ എന്ന് കരഞ്ഞ് അപേക്ഷിക്കേണ്ടതുണ്ടോ? ഇങ്ങനെ പോകേണ്ടി വന്നാൽ നമ്മുടെ പൂർവ്വികരുടെ ശാപം നാമോരോരുത്തരിലും ഉണ്ടാകും എന്ന കാര്യത്തിൽ സംശയമുണ്ടോ?
5. ചെമ്മലക്കുഴിയുടെ പണക്കൊഴുപ്പും ഹുങ്കും കാണിക്കാൻ നടത്തുന്ന ഈ പദയാത്രയിൽ അയാളുടെ എച്ചിൽ നക്കാൻ നടക്കുന്നവരാകണമോ ക്നാനായ പൈതൃകമുള്ള നമ്മൾ?

സഭയും സമുദായവും വ്യത്യസ്തമാണ് എന്ന അവബോധം നാം ഓരോരുത്തർക്കും ഉണ്ടാകണം. സമുദായം ആചാരങ്ങളിലധിഷ്ഠിതമാണ്. ഈ ആചാരങ്ങൾക്ക് മാറ്റം വരാം, വരുത്താം. പക്ഷേ സഭ വിശ്വാസത്തിലധിഷ്ഠിതമാണ്. ക്രിസ്തുവിനെ രക്ഷകനും, ദൈവവുമായി നാം വിശ്വസിക്കുന്നു. ഇതിന് മാറ്റം വരുത്താവുന്നതല്ല. എല്ലാവരെയും സ്വീകരിക്കുക എന്നതാണ് സഭയുടെ കർത്തവ്യം. അപ്പോഴാണ് സഭ സാർവ്വത്രികമാകുന്നത്. ദൈവവചനത്തിൽ മായം ചേർക്കാതെ വിശ്വാസം നിലനിർത്തിയവരാണ് നമ്മുടെ പൂർവ്വികർ. അതിനാൽ തന്നെ ഒരു സഭാധികാരിയേയും, സമുദായ സംരക്ഷണത്തിനായി അവർ കൂട്ടുപിടിച്ചില്ല.

# കോട്ടയം രൂപത എങ്ങനെ ഉണ്ടായി?

മാർ മാർക്കീൽ തന്റെ ഔദ്യോഗിക ജീവിതം മുഴുവൻ നടത്തിയ കൊള്ളരുതായ്മകൾ, അദ്ദേഹത്തെ ചങ്ങനാശ്ശേരിയിൽ തുടരാൻ അനുവദിച്ചില്ല. തന്റെ സ്ഥാനമാനങ്ങൾ നിലനിർത്താൻ മറ്റൊരു രൂപത ആവശ്യമായിരുന്നു. അതിനുവേണ്ടി അയാൾ നടത്തിയ കള്ളക്കളികളും, കുതന്ത്രങ്ങളും, പത്താം പീയൂസ് മാർപ്പാപ്പയ്ക്ക് വിശ്വസിക്കേണ്ടി വന്നു. ഇന്നത്തെപ്പോലെ യാത്ര-വാർത്ത വിനിമയ സൗകര്യങ്ങൾ അക്കാലത്തുണ്ടായിരുന്നില്ല. രൂപത നൽകിക്കൊണ്ടുള്ള ബൂളായിൽ അദ്ദേഹം പറഞ്ഞത്: "വിശ്വാസികളുടെ ആത്മീയ ഗുണവർദ്ധനവിനും ഭിന്നാഭിപ്രായക്കാരുടെ സമാധാനത്തിനുമായി കോട്ടയം കേന്ദ്രമാക്കി തെക്കുംഭാഗക്കാർക്ക് ഒരു രൂപത നൽകുന്നു എന്നാണ് ക്രിസ്തുവചനത്തിൽ നിന്ന് ആത്മീയ ഗുണവർദ്ധനവ് ലഭിക്കുമ്പോൾ, ഭിന്നാഭിപ്രായങ്ങൾ കെട്ടടങ്ങുമെന്ന് ആ വിശുദ്ധൻ പ്രത്യാശിച്ചു."

കോട്ടയം രൂപത ക്നാനായക്കാർക്ക് മാത്രമാണെന്ന് കുപ്രചരണം നടത്തി ദൈവവചനത്തിൽ മായം ചേർത്ത് ആത്മീയതയെ വെടിഞ്ഞ്, ഭിന്നതക്ക് ആക്കം കൂട്ടി, ചെകുത്താന് അടിയറ വച്ചു. ക്നാനായക്കാരെ തെക്കുംഭാഗർ എന്ന് സൗകര്യപൂർവ്വം മാറ്റിയത് മാർ. മാക്കീലിന്റെ മറ്റൊരു കുതന്ത്രമായിരുന്നു.

കോട്ടയം രൂപതയുടെ ചെകുത്താൻ പ്രീണനത്തിനെതിരെ, ഊരുവിലക്കിനെതിരെ, വചന നിഷേധത്തിനെതിരെ സഭാധികാരി

കൾ ഒന്നടങ്കം പ്രതികരിക്കേണ്ടിയിരിക്കുന്നു. ഫ്രാൻസിസ് മാർപ്പാപ്പ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനം ആവർത്തിച്ചുകൊണ്ട് പ്രഖ്യാപിക്കുന്നു: “സുവിശേഷാത്മകശൈലി സഭയുടെ എല്ലാതലങ്ങളിലും ഉണ്ടാകണം. സുവിശേഷത്തിന്റെ ചൈതന്യവുമായി നേരിട്ട് ബന്ധമില്ലാത്ത ആചാരാനുഷ്ഠാനങ്ങളെ അവയ്ക്ക് എത്ര ആഴമായ ചരിത്ര പാരമ്പര്യമുണ്ടായിരുന്നാലും പുനഃപരിശോധിക്കാൻ സഭ തയ്യാറാകണം.” ഇത് കോട്ടയം രൂപത യ്ക്ക് ബാധകമാണ്. ഓരോ രൂപതയും ഓരോ സഭയാണ്. (Particular church)

കോട്ടയം രൂപതയിൽ നടക്കുന്ന അക്രൈസ്തവ നിലപാടിനെ യും മനുഷ്യാവകാശ ലംഘനമായ ഊരുവിലക്കിനെയും എതിർക്കാൻ മെത്രാൻ സിനഡിനും, മാർപ്പാപ്പയ്ക്കും കഴിയണം. അത് അവർ നിർവഹിക്കുമെന്ന് പ്രത്യാശിക്കാം, പ്രാർത്ഥിക്കാം. അതിനുവേണ്ടി നമുക്കു പ്രവർത്തിക്കാം. ‘‘എന്റെ വചനം നിരാകരിക്കുന്നവർ എന്നെത്തന്നെയാണ് നിരാകരിക്കുന്നത്” എന്ന ക്രിസ്തുവിന്റെ രോദനം മനസ്സിലാക്കാതെ ചെമ്മലക്കുഴിമാർ അവരുടെ സമ്പത്ത് സഭയ്ക്ക് എതിരായും, അതുവഴി സമുദായ ത്തിന്റെ നാശത്തിനും വിനിയോഗിക്കുന്നു. ദൈവജനം ഇതു മനസ്സിലാക്കുക.

ക്നാനായ സമുദായം നടത്തുന്ന ആചാരങ്ങളെ - അത് എത്ര മ്ലേച്ഛമാണെങ്കിലും - ഇന്നുവരെ മെത്രാൻ സിനഡോ, മാർപ്പാപ്പയോ എതിർത്തതായി കേട്ടിട്ടില്ല. പിന്നെ എന്തിനീ ഭീകരജീവിയുടെ പദയാത്ര സഭാ ആസ്ഥാനങ്ങളിലേക്ക്?

മേൽ വിശദീകരണങ്ങൾക്ക് അർഹമായ പരിഗണന യോടെ പഠനവിഷയമാക്കി, സ്വയംപ്രതികരണശേഷി യുടെ ഉടമകളാവാനും, സത്യാന്വേഷികളാവാനും വിശുദ്ധ ബൈബിൾ നിന്ദയെ ചെറുത്തുതോല്പിക്കു വാനും കോട്ടയം രൂപതയിലെ വികലമായ കാഴ്ചപ്പാടിന് എതിരെ പ്രതികരിക്കാനുള്ള ആർജ്ജവം രൂപതാം ഗങ്ങളിൽ രൂപപ്പെടുവാനും അതിലൂടെ യേശുവിൽ ധീര രാകുവാനുമുള്ള ആഹ്വാനത്തോടെ,

യേശുവിന്റെ സ്നേഹത്തിൽ പ്രാർത്ഥനകളുമായി,

ക്നാനായ കത്തോലിക്കാ
നവീകരണസമിതിക്കു വേണ്ടി,

**ജോസഫ്** (പ്രസിഡന്റ്)
തോട്ടുങ്കൽ വീട്
കണ്ണങ്കര പി. ഒ.
ചേർത്തല - 688 527
ഫോൺ - 0478 - 2582778

**ലൂക്കോസ് മാത്യു കെ.**
(ജന. സെക്രട്ടറി)
കുന്നുംപുറത്ത് വീട്
കുറിച്ചിത്താനം പി.ഒ.
ഉഴവൂർ
കോട്ടയം - 686 634
ഫോൺ 9447507584

ഉഴവൂർ
20/9/2014

**ക്നാനായ കത്തോലിക്കാ നവീകരണസമിതി യുടെ പ്രവർത്തനഫണ്ടിലേക്ക് ഉദാരമായ സംഭാ വനകൾ പ്രതീക്ഷിക്കുന്നു.**

**A/c No. 67188611429**
**IFSCode:SBTR-0000484**
**SBT CMS College Branch**
**Kottayam**



പി. എ. ജേക്കബ്ബ്
(ചാക്കൂട്ടിസാർ)
സ്ഥാപകപ്രസിഡന്റ്



റ്റി. ഒ. ജോസഫ്
പ്രസിഡന്റ്



ലൂക്കോസ് മാത്യു കെ.
ജനറൽ സെക്രട്ടറി



സ്റ്റീഫൻ ലൂക്കോസ്
താമരക്കാട്
ട്രഷറർ



# ക്നാനായ കത്തോലിക്കാ നവീകരണ സമിതി (KCNS)

(www.kcnsindia.com)

"നമ്മൾ എല്ലാവരും
ഒരേ ആത്മാവിൽ,
ഏക ശരീരമാകാൻ
ജ്ഞാനസ്നാനമേറ്റു.
യഹൂദരെന്നോ,
ഗ്രീക്കുകാരെന്നോ
അടിമകളെന്നോ,
സ്വതന്ത്രരെന്നോ
ഭേദംകൂടാതെ
ഒരേ ആത്മാവിനെ
പാനംചെയ്യാൻ
എല്ലാവർക്കും
സാധിച്ചു."

(1 കൊറി. 12-13)

രക്തശുദ്ധിവാദം രക്ഷയുടെ മാർഗ്ഗമല്ല.
കോട്ടയം രൂപത സഭയാണ്, സമുദായമല്ല.
സഭയും സമുദായവും വ്യത്യസ്തമാണ്.
ജാതീയതയുടെ പേരിൽ
പള്ളിയിൽനിന്നു പുറത്താക്കുന്നതും
കൂദാശകൾ നിഷേധിക്കുന്നതും
ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കു വിരുദ്ധമാണ്;
സഭയുടെ സാർവ്വത്രികമായ
സ്വഭാവത്തിനു വിരുദ്ധമാണ്;
സർവ്വോപരി മനുഷ്യാവകാശലംഘനമാണ്.